


Govt Model H S S Venganoor

# ഉഷസ്സ്

2020 - 21

# ആശംസ

Digital magazines have already become a common platform for exhibiting our talents. Its a great pleasure to know that Class X sudents have brought out a wonderful digital magazine for the year 2021-22.I extend my hearty congratulations to the editorial board.

My best wishes to all of you.



ബീന. ടി.എസ്
പ്രിൻസിപ്പൽ

# ആശംസ

**വിദ്യാർത്ഥികളുടെ അക്കാദമിക പ്രവർത്തനങ്ങൾ പോലെ തന്നെ പ്രധാനമാണ് അവരുടെ സർഗാത്മകത പ്രതിഫലിക്കുന്ന സാഹിത്യ പ്രവർത്തനങ്ങളും. കുട്ടികളുടെ സർഗ്ഗവാസന പ്രകടിപ്പിക്കുവാനും വികസിപ്പിക്കുവാനുള്ള ഒരു വേദി കൂടി യാണ് മാഗസിൻ. ലിറ്റിൽ കൈറ്റ്സ് അതിനു സഹായകമാം വിധം തയ്യാറാക്കുന്ന ഈ മാഗസിന് എൻറെ എല്ലാവിധ ആശംസകളും അർപ്പിക്കുന്നു**



**ഹെഡ്മിസ്ട്രസ്സ്**
**സുഖി ഡി ഒ**

# ആശംസ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ ത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായ ലിറ്റിൽ കൈറ്റ്സ് നമ്മുടെ സ്കൂളിൽ സൃഷ്ടിച്ച മാറ്റങ്ങൾ വളരെ പ്രകടമാണ്. സ്കൂൾ ക്യാമ്പസുകളിൽ നിന്നുംകലാ കായിക താരങ്ങളെ വാർത്തെ ടുത്തിരുന്ന കാലഘട്ടത്തിൽ നിന്നും കമ്പ്യൂട്ടർ വിദഗ്ധരെ കൂടി വളർത്തിയെടുക്കാൻ ലിറ്റിൽ കൈറ്റ്സിന്റെ ഇടപെടൽമൂലം കഴിയുന്നു.മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്ന നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും.



പി ടി എ പ്രസിഡന്റ്

പ്രവീൺ പി

# എഡിറ്റോറിയൽ

സാങ്കേതികവിദ്യ യോടുള്ള പുതിയ തലമുറയുടെ താല്പര്യം ഗുണപരമായി പ്രയോജനപ്പെടുത്താൻ ഡിജിറ്റൽ മാഗസിനു കഴിയുന്നു. കുട്ടികളുടെ സർഗാത്മകത സാങ്കേതികവിദ്യയിലൂടെ പ്രകടമാകുന്നത് പുതുതലമുറയെ സാഹിത്യലോകത്തേയ്ക്ക് കൈപിടിച്ചുയർത്തലാണ്. കോവിഡ് കാരണം പരിശീലനം കുറവായിരുന്നുവെങ്കിലും ഞങ്ങളുടെ സീനിയർ ബെൻസൻ ബാബുവിൻ്റെ സഹായത്തോടെ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ 'ഉഷസ് 2021 ഞങ്ങൾ സവിനയം സമർപ്പിക്കുന്നു



ചീഫ് എഡിറ്റർ മിഥുൻ എം.
10 D

# എഡിറ്റോറിയൽ ബോർഡ്

**ഹെഡ്മിസ്ട്രസ്സ്  സുഖി ഡി ഒ**

## ലിറ്റിൽകൈറ്റ്സ് മിസ്ട്രസ്സുമാർ

1. ദീപ പി.ആർ
2. കെ.എസ്.ശ്രീജ

## ചീഫ് എഡിറ്റർ

**ലിറ്റിൽകൈറ്റ്  മിഥുൻ എം.**

## സബ് എഡിറ്റർസ്

**ലിറ്റിൽകൈറ്റ്സ്**

1. എയ്ഞ്ചൽ പോൾ
2. കൃപ
3. ഗംഗ
4. ആർദ്ര

## കവർ പേജ്

**ബെൻസൺ ബാബു ജേക്കബ്**

## ഉള്ളടക്കം


സൗഹൃദ പേരമരം......................................8
എന്റെ ലോക്ഡൗൺ കാലം........................10
കോവിഡ് കാല അനുഭവ കുറിപ്പ്..................11
പേരക്ക.............................................12
ലോക്ക് ഡൗൺ....................................13
കൃഷ്ണൻ മാഷ്......................................15
Lock down Dreams................!.........18
അടച്ചിട്ട ജീവിതങ്ങൾ ..............................19
കൊറോണ കാലത്തിന് മുൻപും, പിൻപും.........20
कोरोना..............................................22
സിംല കണ്ട സ്വപ്നം.................................24
കവിതകൾ.........................................25
അതിശയ പ്രകൃതി..................................25
എന്റെ സ്വപ്നം.......................................26
ഈശനാം ഗാന്ധി...................................27
പുഴ.................................................28
സ്നേഹ മഴ........................................29
കൊറോണ..........................................30
മുഖംമൂടിക്കാലം......................................31
സ്വപ്നവിദ്യാലയം....................................32
കാലം നൽകിയ പാഠം..............................34
അതിരുകളില്ലാതെ..................................35
അതിരുകൾമായുമ്പോൾ............................36
കോവിഡ് 19.......................................37
പ്രളയപാഠങ്ങൾ.....................................38
കുട്ടിയുടെ പ്രാർത്ഥന.................................39
ഓണപ്പാട്ട്............................................40
മിഴികൾ............................................40
എന്റെ വിദ്യാലയം..................................41
മിന്നാമിന്നിയും പാഠ്യങ്ങളും.........................41
ഉറങ്ങൂ നീ..........................................42
സ്കൂളിലെ മരം.......................................43
ആലയം............................................43
പുഴ..................................................44
സമയം..............................................44
പാവം ചങ്ങാതി.....................................45
കാലം...............................................45
ആത്മ സഖി.........................................45
മഴ..................................................46
ചിത്രങ്ങൾ..........................................47
സ്കൂൾ കാഴ്ചകൾ...................................63

# സൗഹൃദ പേരമരം

ഒരിടത്ത് ഒരു ഗ്രാമത്തിൽ ഒരു വലിയ പേര മരം ഉണ്ടായിരുന്നു. അതിൽ വളരെയധികം സ്വാദിഷ്ടമായ ആരും കൊതിക്കുന്ന പേരക്ക കായ് ചിച്ചിരുന്നു. അത് ഒരു തെരുവിലായിരുന്നു. തെരുവ് എന്ന് പറയുമ്പോൾ വലിയ തെരുവ് . എല്ലാ ആളുകളും എന്നും വന്ന് ആ പേരക്ക പറിച്ചു കൊണ്ട് പോകും. എല്ലാവർക്കും ഇഷ്ടമാണ് ആ പേരക്ക തിന്നാൻ. ഹോ! എന്ത് ഓ സ്വാദാണ് എല്ലാവരും പറയും. ഓരോ ദിവസവും ആളുകൾ വന്ന് ആ പേരക്ക കഴിക്കും. എല്ലാ ദിവസവും ആ പേര മരത്തിൽ പേരക്ക കായ്ക്കും. എല്ലാവരും മത്സരിച്ച് കുതിര ഓട്ടം പോലെ ഓടിവന്ന് രാവിലെയും പകലും രാത്രിയും വന്ന് പേരകൾ പറിച്ചു കൊണ്ട് പോകും. എത്ര കൊതി വരുംതോറും അവർ അത് പറിച്ച് കഴിക്കും. ചിലർക്ക് കിട്ടാതെ പോകും. എന്നും ഓരോതരും വന്ന് ദിവസേന പേരക്കകൾ തിന്നു.

ഒരു ദിവസം ഒരു ആൺകുട്ടി ഈ പേരമരത്തെ കണ്ടു. ആ ആൺകുട്ടിയുടെ പേര് മനു. അവനും ആ പേരക്ക പറിച്ച് തിന്നണമെന്ന് വലിയ മോഹംമുണ്ടായിരുന്നു. പക്ഷേ, എന്തു പറയാന ! എല്ലാ ആളുകളും കോതിപിടിച്ച് പേരക്ക പറിച്ച്കൊണ്ട് പറിച്ച് കൊണ്ട് പോയി. അന്നത്തെ പേരക്ക മുഴുവൻ തീർന്നു. എന്ത് കഷ്ടമാ ആ മനുവിന്റെ അവസ്ഥ . അവൻ ആ മരത്തിലെ ചില്ലകളിൽ നോക്കിയപ്പോൾ ഒരു പേരക്ക പോലും ഇല്ല. അവനു വളരെയധികം വിഷമമായി. മനു ആദ്യമായാണ് ആ പേരമരം കാണുന്നത്. വളരെ മൃദുലമായ അവന്റെ കണ്ണുകളിൽ നിന്ന് തേൻ മാരിയായ് കണ്ണീർ തുള്ളികൾ ആ പേരമരത്തിന്റെ വേരുകളിൽ വീണു. അവൻ തിരിച്ചു വീട്ടിൽ പോയി.

അടുത്ത ദിവസം അവൻ വീണ്ടും വന്നു. പക്ഷേ, അന്നും പേരക്കയില്ലായിരുന്നു. അങ്ങനെ തുടർന്നുകൊണ്ടെയിരുന്നു. അവന് ഒരു ദിവസവും പോലും ആ സ്വാദിഷ്ടമായ പേരക്ക കിട്ടിയില്ല. പക്ഷേ, ആ തെരുവിലെ ആളുകൾ എന്നും എല്ലാ പേരക്കകൾ പറുക്കി തിന്നും. സൂര്യൻ അണയുമ്പോഴേക്കും അവർ വന്ന് പേര മരത്തിലെ സ്വാദിഷ്ടമായ രുചിയേറിയ ആ പേരക്കകൾ പറിച്ച് കൊണ്ട് പോകും. പാവം മനു. അവന് ഒരിക്കലും പേരക്ക കിട്ടുന്നില്ല. അവന് രാവിലെ മുതൽ വൈകുന്നേരം വരെ സ്കൂളിൽ ക്ലാസ്സ് ഉണ്ട്. എന്നാൽ അതിന്റെ ഇടയിൽ നിന്നും ഈ തെരുവിൽ എത്താൻ വളരെ ദൂരമാണ്. അവൻ വിഷമിച്ച്കൊണ്ട് എന്നും പേരമരത്തോട് സംസാരിക്കും. അങ്ങനെ ഒരു ദിവസം പേരമരം എന്തോ പ്രശ്നം കാരണം അത് പട്ട് പോയി. എല്ലാവരും അതിശയിച്ചു. ഇത് എങ്ങനെ സംഭവിച്ചു! അങ്ങനെ ഈ കാര്യം മനു അറിഞ്ഞു . അവൻ ചിന്തിച്ചു. എനിക്ക് ഇതുവരെക്കും ആ പേരമരത്തിൽ നിന്നും ഒരു പേരക്ക പോലും കിട്ടിയില്ല. ഇന്ന് ആ പേരമരം പട്ട് പോകുകയും ചെയ്തു. മനുവിന് തീരാത്ത സങ്കടമായി. അങ്ങനെ തെരുവിൽ ആ ആളുകൾ "പട്ട മരംവെച്ച് നമ്മൾ എന്തു ചെയ്യാന" എന്ന് കരുതി അവർ ആ പട്ട പേരമരത്തെ വെട്ടാൻ ഏർപ്പാടാക്കി. അവന് സന്ധ്യയ്ക്ക് തന്നെ ആ പേരമരം മുറിച്ചു. മനു സ്കൂൾ വിട്ട് വന്നപ്പോൾ അവനു വിഷമമായി. അവൻ സ്വയമായി പറഞ്ഞു ശോ! ആ മരത്തെ വെട്ടി നശിപ്പിക്കണ്ടെ യായിരുന്നു. അത് പട്ട മരമാണെങ്കിലും എനിക്ക് അതിനോട് സംസാരിക്കാമായിരുന്നു. എന്നാൽ ആ ആർത്തിപിടിച്ച ആ തെരുവിലെ ആളുകൾ ആ പട്ട വലിയ പേര മരത്തിന്റെ തടികളും ചില്ലകളും വിറ്റു. അവർ ആക്രാന്തം പിടിച്ച കൈകളിൽ ആ പണം വാങ്ങി. അവർ പങ്കിട്ടെടുത്തു. അവർ ആ പണം നേടാൻ നേരത്തു അവർ മറന്നു. അത് തങ്ങൾക്കു വിശപ്പകറ്റിയ അമൃതമായ പേരമരമാണെന്ന്. അവിടെ മനു പേരമരം നിന്ന സ്ഥലത്തുപോയി. അവൻ അവിടെ നോക്കിയപ്പോൾ ഒരു ചീഞ്ഞ ഒരു പേരക്ക അവിടെ കിടന്നു. അവൻ അത് എടുത്തു.

അതിൽനിന്ന് അവൻ വിത്തുകൾ മാത്രം എടുത്ത് ആ പേരമരം എവിടെനിന്നോ അവിടെത്തന്നെ നട്ടു വെച്ചു. മനുവിന് അത്യാഗ്രഹംമി ല്ലായിരുന്നു . അവൻ നല്ല ഒരു ആൺകുട്ടിയാണ്. എന്നും അവൻ വൈകുന്നേരം സ്കൂൾവിട്ട് വന്ന് അവൻ ആ പേരക്ക വിത്തിനു വെള്ളം ഒഴിച്ച് കൊണ്ടിയിരുന്നു. അങ്ങനെ കുറേ വർഷം കഴിഞ്ഞു.

പേര വിത്ത് വളർന്നു ഒരു വലിയ പേരമരമായി മാറി. തെരുവിലെ ആളുകൾ അതിശയിച്ചു. മനു വളർന്നു. അവൻ വളരുന്നതിനു ഒപ്പം ആ പേര മരവും വളർന്നു. ആ പേരമരത്തിൽ സമൃദ്ധമായി പേരകായ്കൾ വന്ന് പേരക്ക കായിച്ചു. തെരുവിലെ ആളുകൾ മനു എന്നും ആ പേര മരത്തിന് വെള്ളം ഒഴിച്ച് പരിപാലിക്കുന്നത്. എന്നാൽ അവർ അത് കാര്യമാക്കിയില്ല. അങ്ങനെ എല്ലാവരും മനു വിന്റെ അടുത്ത് വന്നു. തങ്ങൾക്കു ഈ പേരമരത്തിൽ നിന്നും പേരക്ക തരുമോ എന്ന് ചോദിച്ചു. അപ്പോൾ മനു പറഞ്ഞു. തീർച്ചയായും. പക്ഷേ, ഒരു കാര്യം ആരും ആക്രാന്തം പിടിച്ച് പറിക്കാൻ പാടില്ല . എല്ലാവരും സൗഹൃദപരമായി എന്നും ഈ പേരക്ക പറിച്ച് തിന്നുക. അങ്ങനെ പറഞ്ഞുകൊണ്ട് മനു തന്റെ കുറേ വർഷമായുള്ള ആഗ്രഹം പൂർത്തിയാക്കാൻ ഒരുങ്ങുന്നു. മനു ആ മരത്തിൽ നിന്നും ഒരു പേരക്ക പറിച്ചു തിന്നു. ഹോ! എന്താ രുചി! മനു അങ്ങനെ വലിയ ഒരു സ്വപ്നമായ് ആ പേരക്ക തിന്നു. അതൊടപ്പം ആ തെരുവിലെ ആളുകൾ അന്നു മുതൽ സൗഹൃദപരമായി ആ പേരക്ക തിന്നുകയും എല്ലാവരും സൗഹൃദപരമായി ജീവിക്കുകയും ചെയ്തു.

പാർവതി ജി എസ്

8

# എന്റെ ലോക്ഡൗൺ കാലം

ലോക്ഡൗൺ കാല ദിവസങ്ങളെല്ലാം വളരെ ബോറടിയുള്ളതായിരുന്നു. വീട്ടിൽ തന്നെ ഒതുങ്ങി കഴിയേണ്ട ദിവസങ്ങളാണിത്. ഒരു തരം വൈയറസിനെ പേടിച്ചാണ് സ്കൂളുകൾ തുറക്കാനാവാതെ പുറത്തിറങ്ങാനാവാതെ വീട്ടിനുള്ളിൽ പെട്ടു പോയതെങ്കിലും ഈ ലോക്ഡൗൺ കാലത്ത് ചെറിയ ചെറിയ നേട്ടങ്ങളും ഉണ്ടായിട്ടുണ്ട്. വീടിന്റെ എല്ലാ കാര്യങ്ങളിലും വലിയൊരു പങ്കാളിത്തം വഹിക്കാൻ എനിക്ക് കഴിഞ്ഞു. ഞാൻ ഉപയോഗ ശൂന്യമായ വസ്തുക്കൾ കൊണ്ട് അലങ്കാര വസ്തുക്കൾ ഉണ്ടാക്കുകയും, ചെറിയ ഒരു പൂന്തോട്ട ം നിർമ്മിക്കുകയും ചെയ്തു.

എന്നാൽ ഈ ലോക്ഡൗൺ കാലത്തിന് മറ്റൊരു വശം കൂടെ ഉണ്ട്. ആദ്യ കുറച്ച് ദിവസം വളരെ നല്ല ദിവസങ്ങളായിരുന്നു എങ്കിലും പിന്നീടങ്ങോട്ട് എല്ലാ ദിനങ്ങളും ബോറടിയായിരുന്നു കൂട്ടുകാരെയൊക്കെ കാണാനും തോന്നി തുടങ്ങി. പിന്നെ പഠനം എല്ലാം ഓൺലൈനായി.കൂട്ടുകാരുടെയൊപ്പം അധ്യാപകരുടെ കൂടെ ഇരുന്ന് പഠിക്കുന്ന സുഖം ഒന്നും ഈ ഓൺലൈൻ പഠനത്തിന് ഉണ്ടായിരുന്നില്ല

വിസ്മയ വി എസ്

10 ഇ

# കോവിഡ് കാല അനുഭവ കുറിപ്പ്

എപ്പോഴത്തെ യും പോലെ ആയിരുന്നില്ല ഇപ്പോൾ കടന്നു പോയ അവധികാലം കാരണം കൊറോണ എന്ന മഹാമാരി യാണ്. ഈ വൈറസ് കാരണം ലോകത്തുള്ള എല്ലാ വർക്കും ബുദ്ധിമുട്ടായിരുന്നു. എനിക്ക് കൂട്ടുകാരോട് കളിക്കാനോ സ്കൂളിലെ ഒരു പരിപാടിക്ക് പങ്കെടുക്കാനോ കഴിഞ്ഞില്ല. വീട്ടുകാരുടെ കൂടെ പുറത്തു പോകാനോ മറ്റ് വിശേഷങ്ങൾക്ക് പോകാനോ കഴിഞ്ഞില്ല. എന്നാൽ ഈ കോവിഡ് കാലത്ത് വീട്ടുകാരോട് ഒത്തു ഇരിക്കാൻ കഴിഞ്ഞു. അച്ഛനും അമ്മയ്ക്കും ഒപ്പം കൊച്ചു പച്ചക്കറിത്തോട്ടം ഉണ്ടാക്കുകയും ചെയ്തു. അതിൽ പലതരം പച്ചക്കറികൾ ഉണ്ടാവുകയും ചെയ്തു. ചില ദിവസങ്ങളിൽ ഞാനും അച്ഛനും കൂടി കളിക്കാറുണ്ട് . ചില ദിവസങ്ങളിൽ അമ്മയെ സഹായിക്കാറുണ്ട്. ഈ കൊറോണ കാലത്ത് എല്ലാ ക്ലാസ്സുകളും ഓൺലൈനിൽ ആയിരുന്നു. അത് ഒരു പുതിയ അനുഭവമായിരുന്നു എന്ന്.....

നിരഞ്ജൻ എസ് എൽ

9 ബി

# പേരക്ക

ആ മരത്തെ വെട്ടി നശിപ്പിക്കണ്ടയായിരുന്നു. അത് പട്ട മരമാണെങ്കിലും എനിക്ക് അതിനോട് സംസാരിക്കാമായിരുന്നു. എന്നാൽ ആ ആർത്തിപിടിച്ച ആ തെരുവിലെ ആളുകൾ ആ പട്ട വലിയ പേരമരത്തിന്റെ തടികളും ചില്ലകളും വിറ്റു. അവർ ആക്രാദം പിടിച്ച കൈകളിൽ ആ പണം വാങ്ങി. അവർ പങ്കിട്ടെടുത്തു. അവർ ആ പണം നേടാൻ നേരത്ത് അവർ മറന്നു അത് ഞങ്ങൾക്കു വിശപ്പകറ്റിയ അമൃതമായ പേര മരമാണെന്ന്. അവിടെ മനു പേരമരം നിന്ന സ്ഥലത്തു പോയി അവൻ അവിടെ നോക്കിയപ്പോൾ ഒരു ചീഞ്ഞ ഒരു പേരക്ക അവിടെ കിടന്നു. അവൻ അത് എടുത്തു. അതിൽനിന്ന് അവൻ വിത്തുകൾ മാത്രം എടുത്തു ആ പേരമരം എവിടെനിന്നോ അവിടെത്തന്നെ നട്ടുവെച്ചു. മനുവിന് അത്യാഗ്രഹം ഇല്ലായിരുന്നു. അവൻ നല്ലൊരു ആൺകുട്ടിയാണ്. എന്നും അവൻ വൈകുന്നേരം സ്കൂൾ വിട്ട് വന്ന് അവൻ ആ പേരക്കവിത്തിന് വെള്ളം ഒഴിച്ചുകൊണ്ടിരുന്നു. അങ്ങനെ കുറേ വർഷം കഴിഞ്ഞു. പേര വിത്ത് വളർന്നു ഒരു വലിയ പേരമരമായി മാറി. തെരുവിലെ ആളുകൾ അതിശയിച്ചു. മനു വളർന്നു. അവൻ വളരുന്നതിന് ഒപ്പം ആ പേരമരവും വളർന്നു. ആ പേരമരത്തിൽ സമൃദ്ധമായി പേരക്കായ്കൾ വന്ന് പേരക്ക കായിച്ചു. തെരുവിലെ അളുകൾ മനു എന്നും ആ പേര മരത്തിന് വെള്ളം ഒഴിച്ച് പരിപാലിക്കുന്നത് കാണാറുണ്ട്. എന്നാൽ അവർ അത് കാര്യമാക്കിയില്ല. അങ്ങനെ എല്ലാവരും മനുവിന്റെ അടുത്ത് വന്നു. തങ്ങൾക്ക് ഈ പേരമരത്തിൽ നിന്നും പേരക്ക തരുമോ എന്ന് ചോദിച്ചു. അപ്പോൾ മനു പറഞ്ഞു: തീർച്ചയായും. പക്ഷേ, ഒരു കാര്യം. ആരും ആക്രാദം പിടിച്ച് പറിക്കാൻ പാടില്ല. എല്ലാവരും സൌഹൃദപരമായി എന്നും ഈ പേരക്ക പറിച്ച് തിന്നുക. അങ്ങനെ പറഞ്ഞുകൊണ്ട് മനു തന്റെ കുറേ വർഷമായുള്ള ആഗ്രഹം പൂർത്തിയാക്കാൻ ഒരുങ്ങുന്നു. മനു ആ മരത്തിൽ നിന്നും ഒരു പേരക്ക പറിച്ചു തിന്നു. ഹോ! എന്താ രുചി! മനു അങ്ങനെ വലിയ സ്വപ്നമായ ആ പേരക്ക തിന്നു. അതോടൊപ്പം ആ തെരുവിലെ ആളുകൾ അന്നുമുതൽ സൌഹൃദപരമായി ആ പേരക്ക തിന്നുകയും എല്ലാവരും സൌഹൃദപരമായി ജീവിക്കുകയും ചെയ്തു.

അനാമിക.എസ്.എസ്

5 ഡി

# ലോക്ക് ഡൗൺ

അന്നും പതിവ് പോലെ ഓഫീസിൽ നിന്നും വന്ന് ചായ കുടിച്ച് പുറത്തേക്കു പോയ അയാൾ അല്പം ഒന്ന് മിനുങ്ങി വീട്ടിൽ വന്നത് രാത്രി പത്തു മണിക്കാണ്. നിർമ്മല രാത്രി ഭക്ഷണം ഉണ്ടാക്കി കുട്ടികളെ കുളിപ്പിച്ചു, അവരെ ഗൃഹപാഠം ഒക്കെ ചെയ്യിപ്പിച്ചു, ആഹാരവും കൊടുത്തു അയാൾക്കായി കാത്തിരുന്നു. തന്റെ വീട്ടിലെ കഷ്ടപ്പാടുകൾ ഒന്നും ഇത് വരെ മനസിലാക്കാൻ അദ്ദേഹത്തിനുകഴിഞ്ഞിട്ടില്ല." അല്പം കൂടി നേരത്തെ വന്നാൽ എന്താ" എന്ന നിർമ്മലയുടെ ചോദ്യത്തിനു പതിവ് മറുപടി "നിനക്കു എന്താ അല്പനേരം കൂടി ഇരുന്നാൽ? നീ ജോലിക്കൊന്നും പോകുന്നില്ലല്ലോ ഇത്രേം ക്ഷീണിക്കാൻ "കേട്ടു മടുത്തപ്പോൾ ഇപ്പോൾ ഒന്നും അങ്ങോട്ട് പറയാറില്ല. വിളമ്പി കൊടുത്ത ആഹാരത്തിൽ കൈയിട്ട് ഇളക്കി കഴിച്ചുതായി വരുത്തി സ്വന്തം മുറിയിലേക്ക് അയാൾ പോയി. കുറെ നാളുകൾ ആയി അതാണ് പതിവ്. ഉറക്കത്തിൽ ആരുടെയും ഒച്ചപ്പാടും ബഹളവും ഒന്നും തനിക്കു കേൾക്കണ്ട. ഒറ്റക്ക് ഒരു മുറിയിൽ എന്ത് സുഖം !അവളും മറുത്തു ഒന്നും പറയാറില്ല. പറഞ്ഞിട്ട് ഫലമില്ല എന്നവൾക്കറിയാം. പല രാത്രികളിലും ഉറങ്ങാതെ കിടന്നു കുട്ടികളെ ചേർത്ത് പിടിച്ചു കരഞ്ഞിട്ടുണ്ട്. പരാതികളും പരിഭവങ്ങളും ഈശ്വരനോട് മാത്രം പങ്കുവച്ചു. അന്നയാൾ വേഗം ഉറങ്ങി.

പിറ്റേന്ന് രാവിലെ പത്രം നോക്കിയപ്പോഴാണ് ഇന്ന് ജനതാ കർഫ്യൂ എന്നറിഞ്ഞത്. വല്ലവിധവും ആ ദിവസം അയാൾ കഴിച്ചു കൂട്ടി. പലവട്ടം റോഡ് വരെ പോയി നോക്കി. ആരെയും കാണാനാവാത്തതു കൊണ്ട് തിരികെ പോന്നു. ആ... ഒരു ദിവസം തന്നല്ലോ. അയാൾ ടി . വി യിൽ ആശ്വാസം കണ്ടെത്തി. സമയാ സമയങ്ങളിൽ തീൻ മേശയിൽ നിർമ്മല വിളമ്പിയ ആഹാരത്തിനു മാത്രം റൂമിൽ നിന്നും പുറത്തു വന്നു. പിറ്റേന്ന് പത്രം നോക്കിയ അയാൾക്ക് ശ്വാസം മുട്ടുന്നതു പോലെ തോന്നി. പത്തു ദിവസം ലോക്ക് ഡൗൺ. കുട്ടിലകപ്പെട്ട വെരുകിനെപ്പോലെ അയാൾ അസ്വസ്ഥനായി. ഒന്നും ചെയ്യാനില്ല. സമയം നീങ്ങുന്നില്ല. കുട്ടികളുടെ ഒച്ച, ഭാര്യയുടെ കുട്ടികളോടുള്ള ശകാരം ഇതൊക്കെ ഇടിത്തി പോലെ തലയിൽ വീഴുന്നു. എങ്ങോട്ടെങ്കിലും ഇറങ്ങി ഓടാൻ മനസ്സ് വല്ലാതെ കൊതിച്ചു. ലോക്ക്ഡൗൺ നാലാം നാൾ രാത്രി തന്റെ മുറിയിൽ കിടന്നഅയാൾക്ക് ഭ്രാന്ത് പിടിക്കും പോലെ തോന്നി. ഏകാന്തതയിൽ വല്ലാത്ത ഭയം അയാളെ വലയം ചെയ്തു. ലൈറ്റ് ഇട്ടു. ചെറിയ ആശ്വാസം.

സമയം കഴിയുന്തോറും അസ്വസ്ഥത കൂടിക്കൂടി വന്നു. അയാൾ പതിയെ എഴുന്നേറ്റു. നിർമ്മലയും കുട്ടികളും കിടക്കുന്ന മുറിയുടെ മുന്നിലെത്തി. വാതിൽ പതിയെ തള്ളി. കുറ്റി ഇട്ടിട്ടില്ല. ആശ്വാസം ! മുറിയിൽ കയറി ലൈറ്റ് ഇട്ടു. നിർമ്മലയും കുട്ടികളും നല്ല ഉറക്കം. ലൈറ്റ് ഇട്ടത് അറിഞ്ഞിട്ടില്ല. ഇവൾ എങ്ങനെ ഈ ലോക്ക് ഡൗൺ കാലത്ത് ഇങ്ങനെ ഉറങ്ങുന്നു! അയാൾക്ക് അത്ഭുതം തോന്നി. അയാൾ അവളെ ഇമ വെട്ടാതെ നോക്കി നിന്നു. ആദ്യമായി കാണുന്നത് പോലെ. പണ്ട് അവളുടെ സൗന്ദര്യത്തെക്കുറിച്ചു വാ തോരാതെ പറഞ്ഞു പിറകെ നടന്നു സ്വന്തമാക്കിയതാണ്. പക്ഷെ എത്രയോ നാളായി താൻ ഇവളെ കണ്ടിട്ട്! ഒരു വീട്ടിൽ കഴിഞ്ഞിട്ടും പരസ്പരം അറിയാതെ! അയാൾക്ക് കുറ്റബോധം തോന്നി. പതിയെ കട്ടിലിൽ അവളുടെ അടുത്തിരുന്നു. കുട്ടികളുടെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി. കുട്ടികളെയും താൻ ശ്രദ്ധി ച്ചിട്ട് എത്ര നാളായി. എല്ലാം തനിക്കു ഓഫീസും പുറം ലോകവും ആയിരുന്നു. തനിക്കു ഉള്ളവരെ കാണാതെ പോയി. അയാളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർത്തുള്ളി അടർന്നു നിർമ്മലയുടെ നെറ്റിയിൽ വീണു. അവൾ ഞെട്ടി ഉണർന്നു. കള്ളൻ

എന്ന് കരുതി നിലവിളിക്കാൻ തുടങ്ങവേ ലൈറ്റ് വെട്ടത്തിൽ അവൾ കണ്ടു. തന്റെ പ്രിയതമൻ തന്റെ അരികിൽ! എത്രയോ രാത്രികളിൽ താൻ ആഗ്രഹിച്ചതാ. അവൾക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. ആ രാത്രി അവളെ ചേർന്ന്, മക്കളെ തൊട്ടു കിടന്നപ്പോൾ ഇതാണ് സ്വർഗം എന്നയാൾ തിരിച്ചറിഞ്ഞു. പിറ്റേന്ന് നിർമ്മലയോടോപ്പം അയാൾ ഉണർന്നു. അടുക്കളയിലും തൊഴുത്തിലും, പാടത്തും, നിർമലയുടെ കൊച്ചു കൃഷിത്തോട്ടത്തിലും തൊടിയിലും ഒക്കെ കുട്ടികളോടൊപ്പം നടന്നപ്പോൾ തന്റെ വീടിനെയും ഭാര്യയുടെ അധ്വാനത്തേയും, സ്നേഹത്തേയും പൂർണമായും അറിഞ്ഞപ്പോൾ അയാൾ ലോക്ക്ഡൗണിനു നന്ദി പറഞ്ഞു. കൃഷിത്തോട്ടം ഒന്ന് കൂടി വികസി പ്പിക്കണം, തൊഴുത്തു വൃത്തിയാക്കണം, പൊളിഞ്ഞു വീഴാറായി. പറമ്പ് കാടു പിടിച്ചു കിടക്കുന്നു. ഇനി അതൊക്കെ ശരിയാക്കണം. കുറച്ചു പച്ചക്കറി വിത്തുകൾ കൂടി വാങ്ങണം. ജോലിയില്ലാത്ത ഭാര്യയുടെ ജോലിയുടെ കാഠിന്യവും എത്ര വലുത് എന്ന തിരിച്ചറിവും തന്നിൽ നിറച്ച ലോക്ക്ഡൗണിനു ഒരിക്കൽ കൂടി മനസ്സിൽ നന്ദി പറഞ്ഞുകൊണ്ട് ഭാര്യയെ ചേർത്ത് പിടിച്ചു അയാൾ പറമ്പിലാകെ നടന്നു.

കെ ഷീല

മലയാളം അധ്യാപിക

# കൃഷ്ണൻ മാഷ്

കൃഷ്ണൻ മാഷ് വിശ്വസിച്ചിരുന്നത് അങ്ങനെയാണ് എല്ലാ നാറികളും ഒന്നുപോലെയാണ്. അത് ആണായാലും പെണ്ണായാലും. കൃഷ്ണൻ മാഷിനെ കാണാൻ നല്ല രസമാണ്. ഒരു കൊച്ചു മനുഷ്യൻ. തൂക്കി നോക്കിയാൽ മുപ്പതു കിലോയിലധികം വരില്ല. അത്ര ചെറുതാണ്. മുണ്ടുമടക്കിക്കുത്തി കാലൻ കുടയുമായി പോകുന്നത് കാണാൻ നല്ല രസമാണ്.കാലൻ കുടയില്ലെങ്കിൽ അഞ്ചാം തരത്തിലെ കുട്ടിയെന്നേ തോന്നൂ!

കുട്ടികൾ ക്ലാസിൽ ബഹളമുണ്ടാക്കുന്നത് കൃഷ്ണൻ മാഷിന് ഇഷ്ടമില്ല. ബഹളമുണ്ടാക്കുന്നവന്റെ തന്തയ്ക്കും തള്ളയ്ക്കും വിളിച്ചുകളയും. അല്ലെങ്കിൽ നീ ഒരിക്കലും നന്നാവില്ലെടാ ന്നൊരു ശാപവാക്കും. അത് കേൾക്കാത്തതായി സ്കൂളിൽ ആരും തന്നെ ഉണ്ടാവില്ല. എന്നാലും കൃഷ്ണൻ മാഷ് പഴഞ്ചനായിരുന്നില്ല. നാട് ഓടുമ്പോൾ നടുവെ ഓടണം എന്നല്ലെ പഴഞ്ചൊല്ല്. അത് കൃഷ്ണൻ മാഷിന്റെ ചില കാര്യങ്ങളിൽ കൃത്യമായി പാലിക്കപ്പെട്ടു പോയിരുന്നു. ഉദാഹരണത്തിന് മൊബൈൽ. അത് വന്നകാലം മുതൽ മൂപ്പർക്കൊപ്പമുണ്ട്. ആദ്യമിറങ്ങിയ നോക്കിയ. അതു പയോഗിച്ച് ആരെയും വിളിക്കുന്നത് കണ്ടിട്ടില്ല. ആരും ഇങ്ങോട്ടും! പിന്നെന്തിനാ മൂപ്പർക്കിത് എന്ന് ചോദിച്ചാൽ "മൈക്കിളിനുണ്ടെടാ" എന്നായിരിക്കും അതിനുത്തരം.

മൈക്കിളിനുണ്ടാകുന്നതെന്തും അത് മണ്ണായാലും പെണ്ണായാലും തനിക്കും വേണമെന്ന് ഒരു വാശിയുണ്ട് മാഷിനെപ്പഴും.പിന്നെ മൈക്കിൾ മൊബൈൽ വാങ്ങിയാൽ എങ്ങനെ മിണ്ടാതിരിക്കാനാവും! അങ്ങനെ വാങ്ങിപ്പോയതാണ്.അല്ലാതെ ആരെയും വിളിക്കാനും ഇങ്ങോട്ടു വിളിക്കാനും അല്ല. ഫൈസൽ മാഷ് പറയും പോലെ പട്ടിയെ എറിയാൻ കൊള്ളാം. പുല്ല് ചുടുകല്ല്! പക്ഷെ പട്ടി വന്ന് കടിച്ചിട്ട് പോയാൽ പോലും മൊബൈൽ എടുക്കാൻ പറ്റില്ല. അങ്ങനെയുള്ള സ്ഥലത്താണ് സൂക്ഷിക്കുക. കൈ നീളൻ ബനിയൻ ഇ ട്ട ശേഷം മുണ്ട് ഉടുത്തിട്ട് ബൽറ്റ് കെട്ടി ഒരു വരിഞ്ഞുമുറുക്കലുണ്ട്. അതോടെ വയറിനും മുണ്ടിനും ഇടയിൽ രൂപപ്പെടുന്ന ഒരു അറയുണ്ട് ! അതിനു മുകളിൽ കൈ നീളൻ ഷർട്ട്. അതിന്റെ കൈകൾ തെറുത്തു കയറ്റി മുട്ടിനു മുകളിൽ വരെ വയ്ക്കും. അതിനു ശേഷം മുണ്ടുമടക്കിക്കുത്തും എന്നിട്ട് നെഞ്ചിന്റെ ഭാഗത്തെ ഷർട്ടിന്റെ വിടവിലൂടെ നേരത്തെ പറഞ്ഞ അറയിലേയക്ക് മൊബൈൽ നിക്ഷേപിക്കും. വൈകുന്നേരം വീട്ടിലെത്തുന്നതു വരെയും അതവിടെത്തന്നെ കിടക്കും ചിലപ്പോഴൊക്കെ അറിയാതെ വരുന്ന പരസ്യം വൈബ്രേറ്ററിന്റെ സഹായത്തോടെ വയറിൽ ഇക്കിളി കൂട്ടും. എന്നാലും വൈകിട്ട് വീട്ടിലെത്തി ഡ്രസ് മാറ്റിയിട്ടല്ലാതെ അത് പുറം ലോകം കാണില്ല. മൊബൈൽ പുറത്തെടുക്കുമ്പോൾ ചില പരസ്യങ്ങളുടെ മിസ്ഡ് കോൾ കിടപ്പുണ്ടാവും. "പുല്ല് അവിടെ കിട" എന്ന് പറഞ്ഞ് മൊബൈൽ മേശമേലിടും. പിന്നീട് ഉണ്ണിക്ക് ഗെയിം കളിക്കാനുള്ള വകയായി അത് മാറും.പിറ്റേന്ന് രാവിലെമാത്രമേ അത് മാഷിന്റെ കൈയ്യിലെത്താറുള്ളൂ.

ഓ അത് പറഞ്ഞില്ലല്ലോ ഉണ്ണി മാഷിന്റെ ഏക മകനാണ്. കൃഷ്ണൻ മാഷിന്റെ വീട്ടിൽ പോയിട്ടുണ്ട്. ഒരു വലിയ പറമ്പിനു നടുവിൽ കാണാൻ രസമുള്ള ഓടിട്ട ഇരുനില വീട്. വീടിനു ചുറ്റുമുള്ള പറമ്പ് ഓരോന്നായി വാങ്ങിക്കൂട്ടിയതാണ്. വീട്ടിലെത്തുമ്പോൾ ടീച്ചറും ഉണ്ണിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ടീച്ചർ ഉണ്ണിയെ വിട്ട് കൃഷ്ണൻ മാഷിനെ വിളിപ്പിച്ചു. ചേറണിഞ്ഞ ഒറ്റക്കോർത്തും തോളിൽ കലപ്പയുമായി ബലരാമനെപ്പോലെ ഒരു ഒന്നൊന്നര വരവായിരുന്നു അത്. "നേരത്തെ വന്നിനീ"

"ഇരിക്ക് "
കുളിച്ചേച്ചും വരാം എന്നും പറഞ്ഞ് കിണറ്റിൻകരയിലേയ്ക്ക് ഒറ്റ പോക്കായിരുന്നു. പത്ത് മിനിട്ടിനകം കുളി കഴിഞ്ഞെത്തി കഞ്ഞിയും പുഴുക്കും രണ്ട് പാത്രങ്ങളിലായി ടീച്ചർ മുന്നിൽ കൊണ്ടുവന്നു വച്ചു.
" കഴിക്ക് ഇതെല്ലാം ഇവിടത്തേ താ. എന്റെ വയലിലെ നെല്ല്, പറമ്പിലെ ചേനയും, ചേമ്പും, കാച്ചിലും, പയറും. ഇതെല്ലാം ഞാനുണ്ടാക്കിയതാ"

അത് പറയുമ്പോൾ ഒരു ലോകം തന്നെ കീഴടക്കിയ ഭാവമായിരുന്നു ആ മുഖത്ത്. ആ നാട്ടിൽ എവിടെ പറമ്പു വിൽക്കാനുണ്ടെങ്കിലും കുറഞ്ഞ വിലയ്ക്ക് കൃഷ്ണൻ മാഷ് അതൊപ്പിക്കുമായിരുന്നു. ചുറ്റും കാണുന്നതെല്ലാം അങ്ങനെ വാങ്ങി കൂട്ടിയതാണ്. ഇതാർക്കാണാവോ ഇയാളിതെല്ലാം വാങ്ങിക്കൂട്ടുന്നത്. രണ്ട് പേർക്കും ശമ്പളവും വീട്ടിലേയ്ക്ക് ഒരു സാധനവും പുറത്ത് നിന്ന് വാങ്ങേണ്ടതില്ല. എല്ലാം അവിടെത്തന്നെയുണ്ട്. ആകെ ഒറ്റ മോനല്ലെയുള്ളു. ഈ ഒറ്റ കാര്യത്തിൽ മാത്രം മൈക്കിൾ കൃഷ്ണൻ മാഷിനെ കടത്തിവെട്ടിയിരുന്നു. മൈക്കിളിന് മക്കൾ മൂന്നാണ്.
അതിന് കൃഷ്ണൻ മാഷിന്നുത്തരമുണ്ടായിരുന്നു
" അത് ചൊറയാടോ എല്ലാത്തിനെം നോക്കണ്ടെ അവനോട് പൂവാമ്പറ "
എത്ര പെട്ടന്നാണ് ഉണ്ണി ഡോക്ടറായത്. കണ്ണടച്ചു തുറക്കുമ്പോലെ അത് സംഭവിച്ചു. അതിന്നും കൃഷ്ണൻ മാഷിന് ന്യായീകരണം ഉണ്ടായിരുന്നു. മൈക്കിളിന്റെ മൂന്നു മക്കളും ഡോക്ടറാ!

വർഷങ്ങൾക്ക് ശേഷം ഇന്നാണ് വീണ്ടും കൃഷ്ണൻ മാഷിനെ കാണുന്നത്. സമൂഹ അടുക്കളയുടെ ഭാഗമായി തയ്യാറാക്കിയ പൊതിച്ചോറ് നൽകാനാണ് 'അഭയ'യിൽ എത്തിയത്. നൂറോളം അന്തേവാസികളുണ്ട്. ഓരോരുത്തരുടെയും കൈകളിൽ പൊതി ഏല്പിക്കുകയായിരുന്നു. പൊതികൾ വാങ്ങിയവർ മാറിയിരുന്നു കഴിക്കുകയായിരുന്നു. എല്ലാവർക്കും പൊതി നൽകിയതിനു ശേഷം കാറിൽ കയറുന്ന സമയത്താണ് മരത്തണലിൽ ഇരിക്കുന്ന ആളെ കണ്ടത്.
അതെ അത് തന്നെ
' കൃഷ്ണൻ മാഷ് '
മാഷിവിടെ
ഇതാടോ ഇപ്പോഎന്റെ സ്ഥലം
ടീച്ചർ
അവൾ പോയി
ഉണ്ണി
റഷ്യയിൽ
എം.ബി.ബി.എസ് കഴിഞ്ഞ് കൂടെപ്പഠിച്ച റഷ്യക്കാരിയെ കെട്ടി അവിടെ ക്ലിനിക്ക് ഇട്ടിരിക്കുവാ
മാഷിന്റെ വീട്
അതെല്ലാം പോയെടോ
വീടും പറമ്പും
എല്ലാം അവന് വേണ്ടി വിൽക്കേണ്ടി വന്നു
പിന്നെ അവളുടെ ചികിത്സയ്ക്കും
ഇനി ഒന്നും ബാക്കിയില്ലടോ.
നീ ചെല്ല് ഇനിയും ഒരുപാടിടത്ത് ഊണ് കൊടുക്കേണ്ടതല്ലേ.
മാഷിനോട് യാത്ര പറഞ്ഞ് കാറിൽ കയറുമ്പോൾ വൈബ്രേറ്ററിന്റെ ശബ്ദം.

മാഷെ ഫോണടിക്കുന്നു.
ഫോണപ്പോഴും പഴയ അറയിൽത്തന്നെ!
വല്ല പരസ്യവുമാവും
പിന്നെ നോക്കാം
നീ ചെല്ല്
കാറിലിരിക്കുമ്പോൾ ആ വാക്കുകൾ കാതിൽ വീണ്ടും വീണ്ടും വന്നു വീണു കൊണ്ടിരുന്നു.
മൈക്കിളിനുണ്ടെടോ..................

സുനിൽ
അധ്യാപകൻ

# Lock down Dreams.................!

What would you like to become? The Tr. asked the question to Anoop. Oh....! Again that question. Anoop got irritated. In the first std. I have answered. 'a JCB driver.' 2,3...forgot it.Now it is 10th. What would I say....Tr. is coming....Got it. 'I would like to become a Doctor.' 'Oh....good!.Try your best. Your dreams will come true..!.Tr. blessed. What a beautiful blessing! I have chosen that answer because of my mother. 'Your father's relatives are farmers.Don't be like that.... Why Mom....? Don't you see....They are always in the mud....dirty creatures....! While hearing this my father looked me sadly. News.....Covid_19.....Lock down.....Social distancing..... I have searched the details of each word in the Internet...It may be asked in the Medical Entrance. Days are passing.....1,2,3...... Good .....adjustable.....not bad..... As days are passing.........It is becoming worse.Every morning my mother searched for food materials. Asking to neighbours .... When will we get the Ration...?.At night.... What will we do tomorrow...?. 'It is better to call Sankaran Uncle.He can give us food materials...!Father said. 'How......! Mother asked surprisingly. 'He is a farmer.He is farming most of the food materials...' 'Oh....Great...! mother said unknowingly. 'What.....! How can you say that....! Keep Quiet... . Father shouted. I went near to mother. 'Amma......Is a farmer greater than a Doctor...? She nodded. "Then I will become a FARMER".

Shereena

Teacher

# അടച്ചിട്ട ജീവിതങ്ങൾ ..

" എനിക്കെന്റെ അച്ഛനെ കാണണം. എന്തിനാ അച്ഛനെ ആശുപത്രി മുറിയിൽ പൂട്ടിയിട്ടത്?" കുഞ്ഞാറ്റ ചിണുങ്ങാൻ തുടങ്ങി. വിടർന്ന മിഴികൾ നീരണിഞ്ഞപ്പോൾ പളുങ്കുമണികൾ പോലെ തിളങ്ങി. വെളുത്തു തുടിച്ച, സ്പോഞ്ച് പോലെ മാർദ്ദവമുള്ള കവിൾത്തടങ്ങളിൽ ചാലു കീറിക്കൊണ്ട് കണ്ണുനീർത്തുള്ളികൾ നിലത്തു വീണു. " അച്ഛന് ഒരു പൊന്നു മുത്തം കൊടുത്തിട്ട് ഉടനെ മോൾ വരാം. എന്നെ കൊണ്ടുപോവ്വോ?"

കുഞ്ഞാറ്റയെ തോളിലിട്ട് സൗമ്യ വാത്സല്യത്തോടെ തലോടി." അച്ഛന് സുഖമാകുമ്പോൾ വീട്ടിൽ വരും. അപ്പോൾ എന്റെ മോൾക്ക് അച്ഛന്റെ മടിയിലിരിക്കാം, മുത്തം കൊടുക്കാം, ..." " അച്ഛൻ വേഗം വര്വോ? എന്തിനാ അച്ഛനെ പൂട്ടിയിട്ടത്? അച്ഛൻ ആളുകളെ തല്ലുമോ?......." അഞ്ചു വയസ്സുകാരി സംശയങ്ങളുടെ ചുരുൾ നിവർത്താൻ തുടങ്ങി. " അച്ഛൻ ആരെയും ഒന്നും ചെയ്യില്ല. അച്ഛന്റെ രോഗം മറ്റുള്ളവർക്ക് പകരാതിരിക്കാൻ വേണ്ടിയാണ് പൂട്ടിയിട്ടിരിക്കുന്നത്. ആ മുറിയിൽ ആരെയും കടത്തിവിടില്ല. "

" അച്ഛന് എങ്ങനാ രോഗം വന്നത്?" " ഗൾഫിൽ നിന്ന് വന്ന കൂട്ടുകാരൻ അങ്കിളിൽ നിന്നാണ് അച്ഛന് രോഗം പകർന്നത്." " ആ അങ്കിളിനെ പൂട്ടിയിട്ടില്ലേ?" " സർക്കാർ പറഞ്ഞത് അനുസരിക്കാതെ അങ്കിൾ കറങ്ങി നടന്നു. പലർക്കും രോഗം കൊടുത്തു." " അയാളെ പോലീസ് പിടിച്ചില്ലേ?" " ഉം .... ഇപ്പോൾ അയാളും ആശുപത്രിയിലാണ്. " " അയാൾക്ക് സുഖമാകുമ്പോൾ ജയിലിൽ ഇടോ?" " അറിയില്ല മോളേ ... മോൾ പോയി കളിക്ക് ...." കുഞ്ഞാറ്റ മുറ്റത്തേയ്ക്ക് ഓടി. പൂന്തോട്ടത്തിൽ ഒരു പൂമ്പാറ്റയെ കണ്ടപ്പോൾ അവളുടെ കുഞ്ഞു മുഖം ഒരു താമര വിടർന്ന പോലെ കാണപ്പെട്ടു. എനിക്ക് ചിറകുണ്ടായിരുന്നെങ്കിൽ ...... ഒരു നിമിഷം അവൾ ആ ശിച്ചു പോയി. പൂന്തോട്ടത്തിൽ ചെടികൾക്കിടയിൽ അവളും, പൂമ്പാറ്റയും തൊട്ടു കളിച്ചു. ചിറക് തളർന്നപ്പോൾ പൂമ്പാറ്റ അവളെ വിട്ടു പോയി. അവിടെ ഒരു മൂലയിൽ ഒരു കറുത്ത ചിലന്തി വല നെയ്തിട്ട് മധ്യത്തിൽ ഗമയിൽ വിശ്രമിക്കുന്നത് കുഞ്ഞാറ്റയുടെ ദൃഷ്ടിയിൽ പെട്ടു. പെട്ടെന്ന് വലയിൽ കുരുങ്ങിയ ഒരു പ്രാണിയെ ചിലന്തി ആഹാരമാക്കുന്നതും അവൾ കൗതുകത്തോടെ മനസ്സാകുന്ന ക്യാമറയിൽ പകർത്തി. വൈകുന്നേരം ചിലന്തിയുടെ കഥ അമ്മയോട് വിസ്തരിച്ച് പറഞ്ഞു. കഥ പറയുമ്പോൾ തന്നെ കുഞ്ഞാറ്റ വല്ലാതെ ചുമച്ചു. പനിയും തുടങ്ങി. ശ്വാസതടസ്സവും അനുഭവപ്പെട്ടു. സൗമ്യ വല്ലാതെ പരിഭ്രമിച്ചു. വിജനമായ റോഡും, അടഞ്ഞ കടകളും! എന്തു ചെയ്യും ? പെട്ടെന്ന് ആംബുലൻസ് വിളിക്കാൻ തോന്നി. മനമുരുകി ദൈവത്തെ വിളിച്ചു . കുഞ്ഞിനെ ആംബുലൻസിൽ കയറ്റി. നിമിഷങ്ങൾക്കുള്ളിൽ ആശുപത്രിയിലെത്തി. ഫയർഫോഴ്സുകാർ തീയണക്കാൻ കാണിക്കുന്ന വേഗതയും, ജാഗ്രതയുമാണ് ഡോക്ടർമാരും, നേഴ്സുമാരും പ്രകടിപ്പിച്ചത്.

പരുന്ത് റാഞ്ചിയ കോഴിക്കുഞ്ഞിനെ തള്ളക്കോഴി കഷ്ടപ്പെട്ട് രക്ഷിക്കുന്നതു പോലെ അവരുടെ തീവ്ര പരിചരണങ്ങൾ കുഞ്ഞാറ്റയെയും മരണ വക്കിൽ നിന്ന് കരകയറ്റി. തുടർന്ന് അവളും മറ്റൊരു മുറിയിൽ ഐസൊലേഷനിൽ ആയി. അച്ഛനെപ്പോലെ......

# കൊറോണ കാലത്തിന് മുൻപും, പിൻപും.

ലേഖനം

സൃഷ്ടിയുടെ മകുടമായ മനുഷ്യൻ! ചിന്തിക്കാൻ, ചതിക്കാൻ, തന്ത്രങ്ങൾ മെനയാൻ കഴിവുള്ള ഏക ജീവി! വിരൽത്തുമ്പിൽ ലോകത്തെ ഒതുക്കി നിർത്തിയ ബുദ്ധിശാലി! പ്രകൃതിയെ ക്രൂരമായി വേദനിപ്പിച്ച . മാനവ സമൂഹം! എത്രയോ തവണ അമ്മ മക്കളോട് ക്ഷമിക്കുന്നതു പോലെ പ്രകൃതി നമുക്ക് മാപ്പ് നല്കി?എത്രയോ പ്രാവശ്യം താക്കീത് തന്നു ?അഹങ്കാരിയായ മനുഷ്യൻ അതൊന്നും ശ്രദ്ധിച്ചില്ല. തെറ്റുകൾ ആവർത്തിച്ചു. പരിണിത ഫലങ്ങളാണ് പ്രളയം , കൊറോണ തുടങ്ങിയവ.

" കൊറോണക്കാലം" എന്ന് 2020 മുതലുള്ള കാലത്തെ വിശേഷിപ്പിക്കാം. കോവി ഡ് 19 എന്ന മഹാ രോഗത്തിന്റെ നീരാളിപ്പിടുത്തം ലോക ജനതയെ വരിഞ്ഞു മുറുക്കി കഴിഞ്ഞു! സാമൂഹിക വ്യാപനത്തിലൂടെ കൊറോണ വൈറസ് പടർന്നു പിടിക്കുന്നത് പ്രതിരോധിക്കാനായി ഭരണകൂടങ്ങൾ പ്രയോഗിക്കുന്ന കർശന നിയമമാണ് 'ലോക് ഡൗൺ . ലോക് ഡൗൺ നിയമപ്രകാരം വീടുവിട്ട് വെളിയിൽ ഇറങ്ങാൻ പറ്റാതെ ഭവനങ്ങളിൽ ഒതുങ്ങി കൂടുമ്പോൾ ഈ വിഷയം ചിന്തിക്കുന്നത് തികച്ചും അർത്ഥവത്താണ്. കൊറോണാ കാലത്തിന് മുൻപ് എന്തായിരുന്നു നമ്മുടെ നാട്?" ലൂസി ഫറിന്റെ സ്വന്തം നാട്" എന്ന് വേണമെങ്കിൽ പറയാം.

- മനുഷ്യത്വം തൊട്ടു തീണ്ടീട്ടില്ലാത്ത ജനതയുടെ നാട് വിശപ്പിന്റെ കാഠിന്യത്താൽ ഒരു കഷണം റൊട്ടിയ്ക്കു വേണ്ടി പാവം മധു ആഗ്രഹിച്ചപ്പോൾ അവന് പകരം വയ്ക്കേണ്ടി വന്നത് അവന്റെ വിലപ്പെട്ട ജീവിതമായിരുന്നു! നിസാര കാര്യങ്ങളുടെ പേരിൽ മനുഷ്യനെ തല്ലിക്കൊല്ലുന്ന ക്രൂരതകൾ! പിറന്നുവീഴുന്ന കുഞ്ഞു മുതൽ വാർദ്ധക്യ മാതാവ് വരെ പീഢനത്തിനിരയാക്കുന്ന കൊടും ഭീകര ദൃശ്യങ്ങൾ! കുടുംബ ജീവിതത്തിന്റെ മഹനീയത കാറ്റിൽ പറത്തി കാമുകനെ സ്വന്തമാക്കാൻ വേണ്ടി നടത്തുന്ന അരും കൊലകൾ ! മതം -ജാതി- രാഷ്ട്രീയം - വർഗീയത ഇവയുടെ അതിർവരമ്പുകൾ ഇല്ലാതാക്കിയ മനുഷ്യ ജീവിതങ്ങൾ എണ്ണമറ്റതാണ്. ........
- പണത്തിന്റെ അതിപ്രാധാന്യം

പണം മനുഷ്യനെ പിശാചാക്കുന്നു. പണം ഉണ്ടെങ്കിൽ എല്ലാമായി എന്ന ധാരണ മനുഷ്യനെ എന്തും ചെയ്യാൻ പ്രാപ്തനാക്കി നീതിയും ന്യായവും സത്യവുമെല്ലാം മറച്ചു കൊണ്ട് പണം നേടാൻ മനുഷ്യൻ പാഞ്ഞു . അതിനു തടസമായ വെല്ലുവിളികൾ എന്തു തന്നെയായാലും അതിനെ അതിജീവിക്കാൻ വളരെ ഹീനമായ പ്രവർത്തികൾ ചെയ്തു കുട്ടി യുവതലമുറയെപ്പോലും ലഹരികൾക്ക് അടിമകളാക്കി മനുഷ്യൻ പണം കൊയ്തു.

- ആധുനിക സാങ്കേതിക വിദ്യയോടുള്ള തെറ്റായ സമീപനം

അനേകം കൗമാരപ്രായക്കാരും യുവജനങ്ങളും ഇന്റർനെറ്റ് ഉപയോഗത്തിലൂടെ വഴിതെറ്റി പോകുന്നു. നഷ്ടപ്പെടുന്ന സമയത്തിന്റെ വില അവരറിയുന്നില്ല facebook chating അനേകം കുട്ടികളെ ചതിക്കുഴികളിൽ വീഴിക്കുന്നു

- പ്രകൃതിയോടുള്ള ക്രൂരത

എല്ലാം ദാനമായി നൽകുന്ന പ്രകൃതി തനിക്ക് മാത്രമുള്ളതാണ് എന്ന സ്വാർത്ഥ മനോഭാവത്തോടെ എന്തൊക്കയാണ് മനുഷ്യൻ ചെയ്തുകൂട്ടുന്നത്? കുന്നിടിക്കൽ , വയൽ നികത്തൽ വനം നശിപ്പിക്കൽ........ തീരാത്ത നീണ്ട പട്ടിക വായു - മണ്ണ് - ജലമലിനീകരണം എവിടെയും ശുദ്ധവായു അന്യമാകുന്ന അവസ്ഥ !

ഇങ്ങനെ നോക്കിയാൽ കൊറോണ കാലത്തിന് മുൻപുള്ള ദിനങ്ങൾ അസാൻമാർഗികവും അധാർമ്മി വും മ്ലേച്ഛകരവുമായ ജീവിതം നയിച്ചവർ ഏറെയായിരുന്നു.

കൊറോണക്കാലം എത്രകാലം നിളുമെന്ന് പ്രവചിക്കാൻ സാധ്യമല്ല. ഇത് പത്ത് വർഷം തുടർന്നാൽ അവശേഷിക്കുന്നത് വളരെ ചെറിയ ജനസമൂഹമായിരിക്കും ബൈബിളിലെ പ്രളയത്തെ അതിജീവിച്ച നോഹയുടെ കുടുംബം പോലെ ഭൂമിയെ സ്നേഹിക്കാനും , അതിർവരമ്പുകളില്ല കയ്യും മെയ്യും മറന്ന് പരസ്പരം സഹായിക്കാനും അവർ പരിശീലിച്ച കഴിയും. കൃഷി അവരുടെ മുഖ്യ തൊഴിലായിരിക്കും അവർക്ക് ഒരേയൊരു ജാതി - മനുഷ്യ ജാതി മാത്രമേ കാണൂ. പണത്തിന്റെ അമിത പ്രാധാന്യം ഭോഷ്ക്കാണെന്ന തിരിച്ചറിവുണ്ടാകും .

ചുരുക്കത്തിൽ മനുഷ്യമനസ്സുകളിൽ പച്ചപിടിച്ച് നിലക്കുന്ന എല്ലാ മൃഗീയ സ്വഭാവങ്ങളും ഇടയ്ക്കിടെ കൈ കഴുകുന്ന സോപ്പ വെള്ളത്തിൽ അലിഞ്ഞ് ഇല്ലാതെയാകട്ടെ... കുടുംബ ബന്ധങ്ങൾ ലോക് ഡൗണിലൂടെ ശക്തിപ്പെടട്ടേ... കൊ റോണക്കാലം ഒരു ശുദ്ധീകരണത്തിന്റെ കാലമായി തീരട്ടെ.... നന്മയും, സ്നേഹവും പൂത്തുലയുന്ന നല്ല നാളുകൾ നമുക്ക് കാണാൻ കഴിയട്ടെ ........

# कोरोना

ലേഖനം

कोरोना वायरस क्या हैं लक्षण और कैसे कर सकते हैं बचाव जब कोरोना वायरस से संक्रमित कोई व्यक्ति खांसता या छींकता है तो उसके थूक के बेहद बारीक कण हवा में फैलते हैं. इन कणों में कोरोना वायरस के विषाणु होते हैं. कोरोना वायरस यानी 'कोविड 19' से बचने के लिए आप नियमित रूप से अपने हाथ साबुन और पानी से अच्छे से धोहम आपको यहां बता रहे हैं कि कोरोना वायरस के संक्रमण से बचने के लिए आप क्या-क्या कर सकते हैं. संक्रमित व्यक्ति के नज़दीक जाने पर ये विषाणुयुक्त कण सांस के रास्ते आपके शरीर में प्रवेश कर सकते हैं. कोरोनो वायरस संक्रमण के लक्षण क्या हैं? इंसान के शरीर में पहुंचने के बाद कोरोना वायरस उसके फेफड़ों में संक्रमण करता है. इस कारण सबसे पहले बुख़ार, उसके बाद सूखी खांसी आती है. बाद में सांस लेने में समस्या हो सकती है. वायरस के संक्रमण के लक्षण दिखना शुरू होने में औसतन पाँच दिन लगते हैं. हालांकि वैज्ञानिकों का कहना है कि कुछ लोगों में इसके लक्षण बहुत बाद में भी देखने को मिल सकते हैं. विश्व स्वास्थ्य संगठन (डब्ल्यूएचओ) के अनुसार वायरस के शरीर में पहुंचने और लक्षण दिखने के बीच 14 दिनों तक का समय हो सकता है. हालांकि कुछ शोधकर्ता मानते हैं कि ये समय 24 दिनों तक का भी हो सकता है कोरोना वायरस उन लोगों के शरीर से अधिक फैलता है जिनमें इसके संक्रमण के लक्षण दिखाई देते हैं. लेकिन कई जानकार मानते हैं कि व्यक्ति को बीमार करने से पहले भी ये वायरस फैल सकता है. बीमारी के शुरुआती लक्षण सर्दी और फ्लू जैसे ही होते हैं जिससे कोई आसानी से भ्रमित हो सकता है. कितना घातक है कोरोना वायरस? कोरोना वायरस के संक्रमण के आँकड़ों की तुलना में मरने वालों की संख्या को देखा जाए तो ये बेहद कम हैं. हालांकि इन आंकड़ों पर पूरी तरह भरोसा नहीं किया जा सकता, लेकिन आंकड़ों की मानें तो संक्रमण होने पर मृत्यु की दर केवल एक से दो फ़ीसदी हो सकती है.

- फ़िलहाल कई देशों में इससे संक्रमित हज़ारों लोगों का इलाज चल रहा है और मरने वालों का आँकड़ा बढ़ भी सकता है. कोरोना वायरस संक्रमण के कारण बूढ़ों और पहले से ही सांस की बीमारी (अस्थमा) से परेशान लोगों, मधुमेह और हृदय रोग जैसी परेशानियों का सामना करने वालों के गंभीर रूप से बीमार होने की आशंका अधिक होती है. कोरोना वायरस का इलाज इस बात पर आधारित होता है कि मरीज़ के शरीर को सांस लेने में मदद की जाए और शरीर की रोग प्रतिरोधक क्षमता को बढ़ाया जाए ताकि व्यक्ति का शरीर खुद वायरस से लड़ने में सक्षम हो जाए
- कोरोना वायरस का टीका बनाने का काम अभी चल रहा है.
- अगर आप किसी संक्रमित व्यक्ति के संपर्क में आते हैं तो आपको कुछ दिनों के लिए खुद को दूसरों से दूर रहने की सलाह दी जा सकती है.

•*पब्लिक हेल्थ इंग्लैंड ने कहा है कि जिन्हें लगता है कि वो संक्रमित हैं वो डॉक्टर, फार्मेसी या अस्पताल जाने से बचें और अपने इलाक़े में मौजूद स्वास्थ्य कर्मी से फ़ोन पर या ऑनलाइन जानकारी लें. जो लोग दूसरे देशों की यात्रा कर के यूके लौटे हैं उन्हें सलाह दी गई है कि वो कुछ दिनों के लिए खुद को दूसरों से अलग कर लें सरे देशों ने भी इस वायरस से बचने के लिए अपने अपने देशों में स्कूल कॉलेज बंद करने और सर्वजनिक सभाएं रद्द करने जैसे क़दम उठाएं हैं. विश्व स्वास्थ्य संगठन ने भी लोगों के लिए एहतियात बरतने के तरीक़ों के बारे में जानकारी जारी की है. संक्रमण के लक्षण दिखने पर व्यक्ति को अपने स्थानीय स्वास्थ्य सेवा अधिकारी या कर्मचारी से संपर्क करना चाहिए. जो लोग बीते दिनों कोरोना वायरस संक्रमित व्यक्ति के संपर्क में आए हैं उनकी जांच की जाएगी. अस्पताल पहुंचने वाले सभी मरीज़ जिनमें फ्लू (सर्दी जुकाम और सांस लेने में तकलीफ) के लक्षण हैं, स्वास्थ्य सेवा अधिकारी उनका परीक्षण करेंगे. परीक्षण के नतीजे आने

तक आपको इंतज़ार करने और दूसरों से खुद को दूर रखने के लिए कहा जाएगा. कितनी तेज़ी से फैल रहा है कोरोना वायरस? रोज़ दुनिया भर में कोरोना वायरस के सैंकड़ों मामले सामने आ रहे हैं. लेकिन ये भी माना जा रहा है कि अब भी कई मामले स्वास्थ्य एजेंसियों की नज़र से बच गए होंगे. इस वायरस के संक्रमण के सबसे अधिक मामले चीन, इटली, ईरान और कोरिया में सामने आए है

# സിംല കണ്ട സ്വപ്നം

വീട്ടിൽ ചേട്ടനേയും ഓർത്തിരിക്കുകയാണ് സിംല. യാത്രികന് കൊടുത്തുവിട്ട വെള്ളാരങ്കല്ലുകൾ ചേട്ടന് കിട്ടികാണുമോയെന്ന ആശങ്കയിലാണ് അവൾ. അങ്ങനെ ആലോചിച്ചിരിക്കേ പെട്ടന്നവൾക്ക് അളകനന്ദയിലേയ്ക്ക് പോകണമെന്ന് തോന്നി. എന്തുകോണ്ടായിരിക്കാം അങ്ങനെ തോന്നാൻ കാരണം? ഒന്ന് ആലോചിച്ചതിനു ശേഷം അവൾ അളകനന്ദയുടെ അരികിലേയ്ക്കോടി. "സിംലാ"................ വളരെ ഉയർന്ന സ്വരത്തിൽ തന്നെയാരോ വിളിക്കുന്നതായി അവൾക്ക് തോന്നി. അളകനന്ദക്കരയിലിരുന്ന അവൾ ചാടിയെഴുന്നേറ്റ് തിരിഞ്ഞുനോക്കി. അതാ..... നിൽക്കുന്നു അവളുടെ ചേട്ടൻ. വളരെ സന്തോഷത്തോടെ അവൾ ചേട്ടന്റെ അടുത്തേക്ക് ഓടി. എന്തുകൊണ്ടാണെന്നറിയില്ല ഇരുവരുടേയും കണ്ണുകൾ നിറയുവാൻ തുടങ്ങി. പെട്ടെന്ന് "സിംലാ"................................മുറ്റത്തുനിന്നും അമ്മ വിളിക്കുന്ന ശബ്ദം കേട്ട് സിംല ഞെട്ടിയുണർന്നു.

അത് വെറുമൊരു സ്വപ്നം മാത്രമായിരുന്നോ? പിന്നെ എന്തായിരിക്കും സംഭവിച്ചിരിക്കുക? ഇത്തരം ചോദ്യങ്ങൾ മനസ്സിലൊതുക്കി അവൾ അമ്മയുടെ അരികിലേക്ക് ഓടിച്ചെന്നു

പാർവതി എസ് എസ്
7 ബി

# കവിതകൾ

ഭാവനയിലൂറിക്കൂടും
ഭാഷയെ പോഷിപ്പിക്കുവാൻ
കരവിരുതാൽ ചമച്ചീടുന്നു നാം
ഭാഷാ കേളികൾ........
വ്യത്യസ്താർഥതലങ്ങളിൽ
വാച്യവും വ്യംഗ്യവും ......
താള ലയഭംഗിയോടെ
വൃത്തവും ചമത്കാരവും ചമച്ചീടുന്നു നാം "കവിതകളിൽ "

# അതിശയ പ്രകൃതി

പ്രകൃതിയെന്നുമൊരു അത്ഭുത സിദ്ധാന്തമാണ്.
പൂക്കളും പുഴകളും വൃക്ഷലതാദികളും
കാറ്റൊന്നു തൊട്ടാൽ തലകുലുക്കിച്ചിരിക്കും..

പക്ഷിയും തുമ്പിയും പൂമ്പാറ്റയും
പ്രകൃതിയെ തരളിതയാക്കുന്നു

വയലിലെ കതിരുകൾ ആടിയുലയുന്നുണ്ടേ.....
അതുഭുജിക്കാനായ് പക്ഷികളുമുണ്ടേ.....

പുഴകളിലെ സുന്ദര മത്സ്യങ്ങൾ
പ്രകൃതിക്കൊപ്പം കളിക്കുന്നുണ്ടേ.....

ഭൂമിയും അംബരവും
പ്രകൃതിയാൽ വിശുദ്ധമാണ്....!

തളിരിലകളെ കാറ്റ് തലോടുമ്പോൾ
അവ പുളകം കൊള്ളുന്നു...

പ്രഭാതത്തിൽ പൂമൊട്ടുകൾ
പുതപ്പിൽ നിന്നെത്തി നോക്കും.....

മർത്യരെല്ലാം പ്രകൃതിയെ ആശ്രയിക്കുന്നുണ്ടേ....
പ്രകൃതി എന്ന മാതാവിന് വന്ദനം.....
വന്ദനം....

നന്ദന ടി എ
9 സി

# എന്റെ സ്വപ്നം

പിറന്നുവീഴുന്ന ജന്മങ്ങൾക്കൊക്കെയും
പിറവിയിലേ അംഗവൈകല്യവും
അന്നൊരു നാളിലുണ്ടായ യുദ്ധത്തിൽ
ഇന്നും നമ്മൾ ദുഃഖിച്ചീടുന്നു
പൈതങ്ങളൊക്കെയും അനുഭവിച്ചീടുന്ന
വേദന കാണുമ്പോൾ തേങ്ങുന്നു മനവും
കൈയ്യില്ലാത്തവർ കാലില്ലാത്തവർ
ഇരുട്ടിൽ കൂട്ടുകാർ കാഴ്ചയില്ലാത്തവർ
ഒരു ദേശമാകെ കത്തിയമർന്നു
ഒരു നിമിഷത്തിൽ ചാരമായി മാറി
നാമിതു കണ്ടു തളരുമ്പോഴും
മനസിൽ നിറയെ ദുഃഖത്തിൻ ഭാരവും
എന്തിനുവേണ്ടിയി
ക്രൂരത ചെയ്തു
എത്ര ജന്മങ്ങൾ പൊലിഞ്ഞുപോയി
അരുതേ അരുതേ ഇനിയും അരുതേ
അന്നത്തെ ദുരന്തം ആവർത്തിക്കരുതേ
യുദ്ധചിന്തകൾ വേണ്ടിനി നമുക്ക്
യുവതലമുറയതു വളർന്നു വരട്ടെ
ഇന്നത്തെ കുഞ്ഞുങ്ങൾ ആരോഗ്യത്തോടെ
നാളത്തെ നന്മമരങ്ങളാകട്ടെ
നന്മകൊണ്ടുപൊരുതി ജയിച്ചവർ
തിന്മയ്ക്കെതിരേ പോരാടിടട്ടെ
സ്നേഹം കൊണ്ടുരു ലോകം തീർത്ത്
യുദ്ധമില്ലാത്തൊരു കാലം തീർക്കട്ടെ
ഒറ്റക്കെട്ടായിയെ ല്ലാർക്കുമൊന്നിച്ച്
ഒരുമയോടങ്ങനെ ജീവിച്ചിടാം
എല്ലാ മനസിലും ഇങ്ങനെയിചിന്ത
ഉണ്ടായിടട്ടെയെന്നാണെന്റെ സ്വപ്നം
ഉണ്ടായിടട്ടെയെന്നാണെന്റെ സ്വപ്നം

അനാമിക. എസ്. എസ്

5 ഡി

# ഈശനാം ഗാന്ധി

അടിമകളായി നാം വെള്ളക്കാരുടെ
അധീനതയിൽ കഴിഞ്ഞൊരു കാലം
ഒന്നിനും മേതി
നം സ്വാതന്ത്ര്യമില്ലാതെ
ദുഃഖത്തിലാഴ്ന്ന കഴിഞ്ഞൊരുകാലം
വിരുന്നുകാരായി എത്തിയോരെല്ലാം
വിളയാടി വാണ നമ്മുടെ നാട്ടിൽ
സന്തോഷമില്ലാതെ കഴിഞ്ഞവർ നമ്മൾ
സന്താപം മാത്രം കൈമുതലാക്കി
അതിഥികളായി ചമഞ്ഞെത്തിയവർ
അകറ്റി നിർത്തി പാവമാം ഞങ്ങളെ
എന്തുചെയ്യണമെന്നറിയാതെ നാം
എത്രയോ നാളുകൾ കഴിച്ചു കൂട്ടി
താങ്ങായിതണലായി വളർന്നു തുടങ്ങി
ചെറിയൊരു ചെടിയതു വന്മരമായി
തളർന്നു കിടന്നൊരു മനസുകളെയെല്ലാം
തഴുകിയുണർത്തി വാന്മാരാക്കറ്റിൽ
വന്മരമായ നമ്മുടെ ഗാന്ധി
രാഷ്ട്രപിതാവാം മഹാത്മാഗാന്ധി
ഭാരതമക്കളാം ഞങ്ങളെയെല്ലാം
നെഞ്ചോടു ചേർത്ത് കരുത്തു നൽകി.
വഴുതി പോയൊരു നമ്മുടെ നാടിനെ
വരുത്തിയിലാക്കി തിരികെ നൽകി
സമരങ്ങൾ പലതും നടത്തിയ ഗാന്ധി
സമര മാർഗമായി നടത്തി സത്യാഗ്രഹം
കൂടെ ചേർന്നു യൊത്തിരി നേതാക്കൾ
ഒപ്പം ചേർന്നു ഞങ്ങളെല്ലാവരും
പലതും ത്യജിച്ചു നമുക്കായി ഗാന്ധി
രക്തം ചിന്തി നാടിനു വേണ്ടി
വേദന മറന്നു നമുക്കായി പൊരുതി
നേടി തന്നു ഇന്ത്യൻ സ്വാതന്ത്ര്യം
വെള്ളക്കാരെ തുരത്തി യോടിച്ചു
ഭാരത സ്വാതന്ത്ര്യം തിരിച്ചേൽപ്പിച്ചു
ഗാന്ധിയെ നാം വാഴ്ത്തി ടെണം
ഓരോ പുലരിയിലും ഓർത്തിടെണം
നമുക്കായി ജനിച്ചൊരു ഈശനം ഗാന്ധി
മറക്കരുതൊരിക്കലും പ്രാണനുള്ള കാലം
ഗാന്ധിജി കണ്ടൊരു നല്ലൊരു ഭാരതം
പടുത്തുയർത്തെണം ഭാരതീയരാം നാം
പടുത്തുയർത്തണം ഭാരജീയരായ നാം

അനാമിക. എസ്. എസ്
5 ഡി

# പുഴ

കാടിറങ്ങി വരുന്ന സുന്ദരീ...
നിന്നുടലിൽ ഒത്തിരി കണ്ണുകൾ
കുഞ്ഞുമത്സ്യങ്ങൾ
നിന്നെ ചുംബിക്കുന്നു...
നിൻകൂട്ടായ വെള്ളാരങ്കല്ലുകളാൽ
നീ ചന്ദ്രനെപ്പോലെ തിളങ്ങുന്നു.
നിന്നെ സ്പർശിച്ചാലാരുമൊന്നു
രോമാഞ്ചം കൊള്ളുന്നു...
നിന്റെ മാലകളായ വനജീവനുകൾ,
നിന്നെ ആശ്രയിക്കുന്നു സുന്ദരീ..
മാല പൊട്ടിയാലോ, നിനക്കു-
മവയ്ക്കും നിരാശ...
കൊഴിഞ്ഞ ഇലകളെ നീ
കൂട്ടുകാരിയായി കൊണ്ടുനടപ്പൂ,
നിൻ പാദങ്ങൾ തൊട്ടുവണങ്ങാൻ
ഞാൻ കൊതിപ്പൂ സുന്ദരീ...!

നന്ദന ടി എ

9 എഫ്

# സ്നേഹ മഴ

വെയിൽ മെല്ലെ മങ്ങിത്തുടങ്ങുയ നേരത്തു
മഴമേഘം വാനിൽ ഇരുണ്ടുകൂടി
ഇതുകണ്ട മയിലുകൾ ആഹ്ലാദത്തോടെ
പീലിവിരിച്ചങ്ങ് നൃത്തമാടി
മഴയനീർകണങ്ങൾ പതിയവേ ധരണിയിൽ
വീണു തുടങ്ങി പതിയെ പതിയെ
തൽക്ഷണം കേട്ടൊരു ഭീകര ശബ്ദം
ഇടിയുടെ ആരവമായിരുന്നു
മാരിതൻ തെന്നലിൽ വിദ്രുതൻ ശാഖകൾ
ആടുന്ന കാണുവാൻ എന്തു ഭംഗി
മഴപെയ്യും നേരത്തു തുള്ളികളിക്കുവാൻ
മോഹം തോന്നാത്തവരുണ്ടോ പാരിൽ
എന്നും നാം സംരക്ഷിച്ചീടണം ഭൂമിയെ
ദോഷം വരുത്താതെ കാത്തിടേണം
അല്ലെങ്കിലവ നമ്മെ പ്രകൃതി ക്ഷോഭത്താൽ
വേദനിപ്പിച്ചീടുമെന്നൊരു സത്യം
സ്നേഹത്തിൻ മണമുള്ളമരിയപ്പോൾ
കോപത്താൽ പ്രളയത്തിന് ഭീതിയിലാഴ്ത്തും
എല്ലാർക്കുമൊന്നിച് ഒറ്റകെട്ടായി
പ്രാകൃതിയെ കാത്തുസംരക്ഷിച്ചീടാം
മഴയെ മഹാമാരിയാകീടാതെ
സ്നേഹത്തിന് മഴയായി കാത്തുസൂക്ഷിക്ക്യം
എന്നും കൊതിയോടെ കളിക്കാനായി കാത്തിരിക്കാം

അനാമിക എസ് എസ്
5 ഡി

# കൊറോണ

മഹാമാരി മഹാമാരി
കൊറോണ എന്ന മഹാമാരി
ഭൂമിയെ നശിപ്പിച്ചൊരു മഹാമാരി
ഈ ലോകത്തെ ശവകുടീര -
മാക്കിയൊരു മഹാമാരി
സ്വന്തബന്ധം ഇല്ലാതാക്കിയൊരു -
മഹാമാരി മഹാമാരി
എന്നെ വേദനിപ്പിച്ചൊരു മഹാമാരി
കൂട്ടുകാരെ നഷ്ടപ്പെടുത്തിയ മഹാമാരി
സന്തോഷം ഇല്ലാതെ ഞാൻ
വളരെ കാലം ജീവിച്ചു
എന്റെ പഠനം ഇല്ലാതാക്കിയ മഹാമാരി
ഭക്ഷണത്തിനായി ബുദ്ധിമുട്ടി -
എല്ലാ കുടുംബങ്ങളും
കൊറോണ എന്ന മഹാവാരി
ഇനിയുള്ള നാളിലെങ്കിലും
സന്തോഷം ഞങ്ങൾക്ക് കിട്ടും
എന്ന് ഞാൻ പ്രാർത്ഥിക്കുന്നു
വീരൻ കൊറോണ കുഞ്ഞൻ

പെട്ടെന്നതാ വന്നു കുഞ്ഞൻ
പെട്ടെന്നതാ പടർന്നു വീരൻ
പെട്ടെന്നതാ കാർന്നു ജീവൻ
പെട്ടെന്നതാ തകർന്നു ജീവിതം

വട്ടത്തിൽ വീട്ടിലിരുത്തി കുഞ്ഞൻ
വട്ടം കറക്കി ഇത്തിരി വീരൻ
ആടിത്തിമിർത്ത നമ്മളെ
വീടിനുള്ളിൽ പൂട്ടി കുഞ്ഞൻ

വിദ്യാലയങ്ങളില്ല ദേവാലയങ്ങളില്ല
അദ്ധ്യാപകരില്ല സഹപാഠികളില്ല
യാത്രകളില്ല വാഹനങ്ങളില്ല
കളിയില്ല ചിരിയില്ല യാതൊന്നുമില്ല

മർത്ത്യന്റെ ഹുങ്കിനന്ത്യം കുറിക്കാൻ
എത്തിയതാവാം കുഞ്ഞുവീരൻ
ബന്ധങ്ങളുടെ വിലയറിയാതനമ്മളെ
ബന്ധിച്ചു നിർത്തി വീരൻ
എല്ലാം ഒരമ്മതൻ മക്കളല്ലേ
നമുക്കൊന്നിച്ചു നിൽക്കാം ഇനിയുള്ള നാൾ
പാലിച്ചിടുക നിയമങ്ങൾ
പാലിച്ചിടുക നമ്മൾക്കായ്

എല്ലാം ഒരമ്മതൻ മക്കളല്ലേ
നമുക്കൊന്നിച്ചു നിൽക്കാം ഇനിയുള്ള നാൾ
പാലിച്ചിടുക നിയമങ്ങൾ
പാലിച്ചിടുക നമ്മൾക്കായ്

സാറാ എസ്
2 എ

# മുഖംമൂടിക്കാലം

നന്മയുള്ള നല്ല കാലം
ഞാൻ പിറന്ന മണ്ണിൽ നാം അന്യരായി മാറുന്നോ
ഒത്തൊരുമ നഷ്ടമായി കാലങ്ങൾ മുന്നേറുന്നോ
അന്നുനാം കഴിഞ്ഞിരുന്നത് സ്നേഹത്തോടെ അല്ലയോ
ഇന്നു നാം പലപ്പോഴും സ്വാർത്ഥരായിത്തീരുന്നു
പാപ ചിന്തകൾ നിറഞ്ഞ മനസ്സുകൾക്കായിന്നിതാ
നല്ല ചിന്ത നിറയ്ക്കുവാനായി തന്നതാണോ
ഈ കാലം ഈശനീ കൊറോണക്കാലം
ദുഷ്ട ചിന്തകർ ഒരുക്കി വച്ചൊരു
പുഞ്ചിരിക്കും മുഖംമൂടി
അറിയണം നാം മാറ്റണം നാം
കാപട്യത്തിൻ മുഖം മൂടി
മാസ്ക്ക് വേണം പ്രാണനായി
അണിഞ്ഞിടേണമെപ്പോഴും
എപ്പോൾ നമ്മൾ നേടിടുന്നു സ്നേഹമതിൻ നന്മ
അപ്പോൾ മാറ്റാം നമ്മുടേയീ മൂടിവയ്ക്കും മാസ്ക്കുകൾ
ലോകമെങ്ങും നന്മയുള്ള മനങ്ങൾ മാത്രമായെങ്കിൽ
കാലമെങ്കിൽ നമ്മൾക്കായി കാത്തുവയ്ക്കും നല്ലകാലം...
കാലമെങ്കിൽ നമ്മൾക്കായി കാത്തുവയ്ക്കും നല്ലകാലം...

അനാമിക എസ്.എസ്
5 ഡി

# സ്വപ്നവിദ്യാലയം

അന്നൊരു നാളിൽ ഞാൻ അമ്മയോടൊപ്പമായ്
ആദ്യമായ് സ്കൂളിൽ നടന്നു മെല്ലെ
പതിയെ പടിവാതിൽ കടന്നു ചെന്നു
പലരേയും ആദ്യമായ് കണ്ടന്നു ഞാൻ
പേടിയാൽ അമ്മയെ ചേർത്തുപിടിച്ചു ഞാൻ
ഓടിയൊളിക്കാൻ ശ്രമിച്ചു
ആരോ ഒരാൾ വന്നു.മുറുകെപ്പിടിച്ചെന്നെ
അമ്മയിൽ നിന്നടർത്തി മാറ്റി
തേങ്ങിക്കരഞ്ഞുകൊണ്ടന്നുമുഴവനും
തേടിഞാനമ്മയെ എങ്ങും
ഏതോ കരങ്ങൾ വാരിയെടുത്തന്നെ
നെറുകയിൽ ചുംബനം നൽകി
കരയല്ലേ കുഞ്ഞേയെന്നോടു ചൊല്ലി
കവിളിലൊരുമ്മയും നൽകി
ചുറ്റും ഞാൻ തിരിഞ്ഞൊന്നു നോക്കി
ഒത്തിരി കൂട്ടുകാരുണ്ടവിടെ
ആരോ ഉറക്കെ വിളിച്ചതു കേട്ടു ഞാൻ
ടീച്ചറെ... എന്നൊരു ശബ്ദമായി
ആ വിളി ഞാനെന്റെ സ്വന്തം അമ്മയെ
വിളിക്കുന്ന പോലെ
ഒത്തിരി കളിയും ചിരിയുമായ് കൂട്ടുകാർ
ഇത്തിരി നേരം ഞാൻ നോക്കി നിന്നു
സന്താപമെല്ലാം പതിയെ മറഞ്ഞു
സന്തോഷമൊത്തിരി തോന്നിത്തുടങ്ങി
എന്നും ഞാൻ ഉത്സാഹത്തോട...
അന്നൊരു നാളിൽ ഞാൻ അമ്മയോടൊപ്പമായ്
ആദ്യമായ് സ്കൂളിൽ നടന്നു മെല്ലെ
പതിയെ പടിവാതിൽ കടന്നു ചെന്നു
പലരേയും ആദ്യമായ് കണ്ടന്നു ഞാൻ
പേടിയാൽ അമ്മയെ ചേർത്തുപിടിച്ചു ഞാൻ
ഓടിയൊളിക്കാൻ ശ്രമിച്ചു
ആരോ ഒരാൾ വന്നു.

മുറുകെപ്പിടിച്ചെന്നെ
അമ്മയിൽ നിന്നടർത്തി മാറ്റി
തേങ്ങിക്കരഞ്ഞുകൊണ്ടന്നുമുഴവനും
തേടിഞാനമ്മയെ എങ്ങും
ഏതോ കരങ്ങൾ വാരിയെടുത്തന്നെ
നെറുകയിൽ ചുംബനം നൽകി
കരയല്ലേ കുഞ്ഞേയെന്നോടു ചൊല്ലി
കവിളിലൊരുമ്മയും നൽകി
ചുറ്റും ഞാൻ തിരിഞ്ഞൊന്നു നോക്കി
ഒത്തിരി കൂട്ടുകാരുണ്ടവിടെ
ആരോ ഉറക്കെ വിളിച്ചതു കേട്ടു ഞാൻ
ടീച്ചറെ... എന്നൊരു ശബ്ദമായി
ആ വിളി ഞാനെന്റെ സ്വന്തം അമ്മയെ
വിളിക്കുന്ന പോലെ
ഒത്തിരി കളിയും ചിരിയുമായ് കൂട്ടുകാർ
ഇത്തിരി നേരം ഞാൻ നോക്കി നിന്നു
സന്താപമെല്ലാം പതിയെ മറഞ്ഞു
സന്തോഷമൊത്തിരി തോന്നിത്തുടങ്ങി
എന്നും ഞാൻ ഉത്സാഹത്തോടെ കളിച്ചു
ഇന്നും ഞാൻ പഠിച്ചു രസിച്ചീടുന്നു

പുതിയൊരതിഥി ആഗതമായ്
പുതിയ പുലരികൾ നഷ്ടമായി
കോവിഡ് പത്തൊമ്പതെന്നൊരു രോഗം
കൊറോണയെന്ന വൈറസുമായെത്തി
എത്രയോ നാളായി കാത്തിരിക്കുന്നു
ഞാൻ
പുതിയ വിദ്യാലയമൊന്നു കാണാൻ
ഒരു നോക്കുകാണാം ഗുരുക്കന്മാരെ
ഒരേ ക്ലാസിലെ കൂട്ടരേയും
പുതുവിദ്യാലയമെന്നുമെൻ ഓർമ്മയിൽ
സ്വപ്നത്തിലെന്നും ഞാൻ കണ്ടീടുന്നു
സ്വപ്നവിദ്യാലയം കണ്ടീടുന്നു.

ആർഷ മനോജ്
10 സി

പിറന്നുവീഴുന്ന ജന്മങ്ങൾക്കൊക്കെയും
പിറവിയിലേ അംഗവൈകല്ല്യവും
അന്നൊരു നാലിലുണ്ടായ യുദ്ധത്തിൽ
ഇന്നും നമ്മൾ ദുഃഖിച്ചീടുന്ന
പൈതങ്ങളൊക്കെയും അനുഭാവിച്ചീടുന്ന
വേദന കാണുമ്പോൾ തേങ്ങുന്ന മനവും
കയ്യില്ലാത്തവർ കലില്ലാത്തവർ
ഒരു ദേശമാകെ കത്തിയമർന്നു

ഒരു നിമിഷത്തിൽ ചരമായി മാറി
നമിതു കണ്ടു തളരുമ്പോഴും
മനസ്സിൽ നിറയെ ദുഃഖത്തിൻ ഭാരവും
എന്തിനു വേണ്ടി യീ ക്രൂരത ചെയ്തു
എത്ര ജന്മങ്ങൾ പൊലിഞ്ഞു പോയി
അരുതേ അരുതേ ഇനിയും അരുതേ
യുദ്ധചിന്തകൾ വേണ്ടിനി നമുക്ക്
യുവതല മുറയതു വളർന്നു വരട്ടെ
ഇന്നത്തെ കുഞ്ഞുങ്ങൾ ആരോഗ്യത്തോടെ
നാളത്തെ നന്മമരങ്ങളകട്ടെ
നന്മക്കൊണ്ടു പൊരുതി ജയിച്ചവർ
തിന്മക്കെതിരെ പോരാടിടട്ടെ
സ്നേഹം കൊണ്ടൊരു ലോകം തീർത്ത്
യുദ്ധമില്ലാത്തൊരു കാലം തീർക്കട്ടെ
ഒറ്റക്കെട്ടായിയെല്ലാർക്കുമൊന്നിച്ച്
ഒരുമയോടങ്ങനെ ജീവിച്ചീടാം
എല്ലാം മനസിലും
ഇങ്ങനെയീചിന്ത
ഉണ്ടായിടട്ടെയെന്നാണെന്റെ സ്വപ്നം
ഉണ്ടായിടട്ടെയെന്നാണെന്റെ സ്വപ്നം

# കാലം നൽകിയ പാഠം

കവിത

പുതു തലമുറകൾക്കായ് പകർന്നിടാ-
മിനിയൊരു കഥ - കോവിഡ് - 19.
രണ്ടായിരത്തിയിരുപതുകളിലുണ്ടായി പോലും
കൊറോണയെന്നൊരു മഹാമാരി.

മഹാജനമാകെ ഭീതിതരായ് -
കോവിഡ് -19- എന്നൊരു വൈറസ്സുലം.

ചീന സഞ്ചാരിയുടെ നാട്ടിലാണതിൻ-
പുതുജീവൻ നാമ്പെടുത്തത്
നാവേറ്റു പാടീപോലും നാടൻ പാട്ടിന്നുത്ഭവം
കരസ്പർശത്താലല്ലയോ കോവി - ഡിൻ ജനനവും.
മർത്യനിൽ മദ്യലഹരിയെ പടിയിറക്കിയ
കൊറോണയെ നമുക്കോർമിക്കാമിവിടെ

അതിജീവനമസഹനീയമായീ നാട്ടിൽ
ജനജീവിതമോ ദുഃസ്സഹമായി തീർന്നു
അതിവ്യാപനമുണ്ടായീപോലും നാൾ തോറും
മൃതി വ്യാപനമതിലും ദുഃസ്സഹമായി തീർന്നു.

കോവിഡെന്ന മഹാമാരിയെയും വഹിച്ചു -
കൊണ്ടാളുകൾ സഞ്ചരിച്ചു പല നാട്ടിലും
അവിടെയുമുണ്ടായീ പോലും കൊറോണായെന്നൊരു മഹാമാരി
ഭീതിയാൽ ജനം ജാഗരൂകരായീ പോലും
മഹാമാരിയെ തളയ്ക്കുവാനായി മാർഗ്ഗം
തേടിയലഞ്ഞു ഭരണകൂടവും.

ഒടുവിലതിനുത്തരം കണ്ടെത്തീ ജനാധിപൻ -
'ലോക് ഡൗൺ' - തടയൂ കൊറോണയെ.
പൊതു നിരത്തിലിറങ്ങരുത്, തുപ്പരുത്, ചീറ്റരുത്,
പൊതുഭാഷണം പോലുമരുത്.
വീട്ടിലിരിക്കുസ്വയം ശുചിയാക്കു വീടും പരിസരവും
കോവിഡിൽ രോഗലക്ഷണം കണ്ടെന്നാകിൽ
വിളിക്കു ആരോഗ്യവകുപ്പിനെ നിങ്ങൾ.

മാർഗ്ഗമിതല്ലാതെ മാറ്റൊന്നില്ലെന്ന്
കേഴുന്നു ഭരണകൂടവും
" ജാഗ്രതയും, ശ്രദ്ധയുമുണ്ടെന്നാകിൽ
ജീവിക്കാമെവിടെയും ഭയലേശമില്ലാതെ"
കൊറോണയെന്ന ഭീകരൻ തന്നൊരീ-
പാഠം പകർന്നിടാം പുതുതലമുറക്കായ്.

ലീനാകുമാരി എൻ എൽ

# അതിരുകളില്ലാതെ

കാട്ടും നാട്ടും നഗരവും മേട്ടും കൊടുമുടിയും
പിന്നെ ബഹിരാകാശവും നീ കീഴടക്കി
എന്തെ മനുഷ്യ നീയിന്നു കേഴുന്നു
ഒരു ചെറുസൂക്ഷ്മാണു മുന്നിൽ ജീവനായ്
ദീനദയാൽമനുജൻകുമ്പിടുന്നു
അദൃശ്യനാംകോവിഡ് വൈറസിൻ മുമ്പിൽ
തെരുവിൽ വീണു മരിക്കുന്നു മർത്യർ
തൊട്ടുകൂടായ്മയാൽ നിസ്സഹായനായ്
ധ്വംശിച്ചിടുന്നു മർത്യാ നിന്നെ
നോവൽ കൊറോണസൂക്ഷ്മാണു ഇന്ന്
അതിരുകൾ കടന്നുപറന്നീടുന്നു
മൃത്യുവിൻ ചിറകേറി ലോകമെമ്പാടുമേ
ലോകം നേടാനിറങ്ങിയ മർത്യനോ
ഭീതിയാൽഭവനങ്ങളിലൊളി ച്ചിടുന്നു.
ജാതി വർണ്ണഅനുഷ്ഠാനങ്ങളിൽനിഗളിച്ചു
മനുഷ്യ ബുദ്ധിക്ക്മതിലുകൾ തീർത്തു നീ
തമ്മിൽ കലഹിച്ചുഅനീതിയിൽനിറഞ്ഞു
മതിമറന്നെന്നാളും ഉന്മാദിച്ചു.
എന്നാലിന്നോ ആചാരങ്ങളില്ലാതെ
പുറത്തിറങ്ങാനാകാതെ കേണിടുന്നു
സുഖവും നന്മയും ഐശ്വര്യവും തന്ന
ഭൂമിയെ നാമെല്ലാം പിച്ചി ചീന്തി
മണ്ണും വെള്ളവുംഊറ്റിയെടുത്തുനീ
രമ്യവിഹാരങ്ങൾ കെട്ടിപൊക്കി
സർവ്വം സഹയായ ധാത്രിയോ മാരിയായ്
സംഹാര താണ്ഡവംചെയ്യുന്നുനിൻ മാറിൽ
മൂകമായ്തേങ്ങുകലോകമേ കനിവിനായ്
കാക്കുകജീവനും അന്യർതൻപ്രാണനും
നമിച്ചീടാംആതുര സേവകരാം സേനയെ
പാലിച്ചീടാം ഓരോ നിർദ്ദേശവും
തോൽക്കുന്നുസൂക്ഷ്മാണു തോറ്റു മടങ്ങുന്നു
ആത്മാർത്ഥമാകുമീ സേവനത്തിൽ
അറിഞ്ഞു നീയിന്നു പാരതന്ത്ര്യം
അറിഞ്ഞു നീ നിന്റെ ദയനീയത
മറക്കരുത് നീയീ നന്മതൻകരങ്ങൾ
തീർക്കരുതിനി അതിർവരമ്പുകൾ
ഇനി തീർക്കരുത് നീ അതിർവരമ്പുകൾ

# അതിരുകൾമായുമ്പോൾ

കവിത

അതിരുകൾ കടന്നവൾ
ആഴക്കടൽ താണ്ടി,
അദൃശ്യയായൊഴുകി,
അതിസൂക്ഷ്മാണുവായ്,
ആളിപ്പടർന്നെത്തി,
ജീവൻ്റെ ജാതകം മാറ്റി
(ഒരൊറ്റത്തുമ്മലിലവൾ )

വിജനമായ് പാതകൾ
ശൂന്യമായ് കാഴ്ചകൾ
പടിയിറങ്ങിപ്പോയ്
പ്രണയ സുഗന്ധങ്ങൾ...

ഉന്മത്ത മൃത്യു നടമാടി
ത്തിമിർക്കുമീ വിഷ വ്യാളിഅതിരുകൾ കടന്നവൾ
ആഴക്കടൽ താണ്ടി,
അദൃശ്യയായൊഴുകി,
അതിസൂക്ഷ്മാണുവായ്,
ആളിപ്പടർന്നെത്തി,
ജീവൻ്റെ ജാതകം മാറ്റി
(ഒരൊറ്റത്തുമ്മലിലവൾ )

വിജനമായ് പാതകൾ
ശൂന്യമായ് കാഴ്ചകൾ
പടിയിറങ്ങിപ്പോയ്
പ്രണയ സുഗന്ധങ്ങൾ...

ഉന്മത്ത മൃത്യു നടമാടി
ത്തിമിർക്കുമീ വിഷ വ്യാളി
യ്ക്കൊപ്പമകറ്റീടാം
കലിയുഗത്തിന്റെ
പുകമാറാലകൾ.
മായട്ടെ, മറയട്ടെ
ജാതിച്ചൊറിച്ചിലുകൾ
മതവെറിക്കുത്തുകൾ
കൊടി നിറഭേദങ്ങൾ
ഇരുൾ പുതച്ചുറക്കം
നടിയ്ക്കും വ്യാഘ്രങ്ങൾ.

നക്ഷത്രദീപ്തമൊരു-
രാവിനെ വരവേല്ക്കാൻ,
സ്നേഹ നൂലിഴകൾ
കോർത്തൊരുക്കീടാം
സഫല സഹോദര്യ
മൃത്യുഞ്ജയത്തിനാൽ
മൂഢ ലോകത്തിൻ്റെ
അതിരുകൾ മായ്ച്ചിടാം
കൊവിഡിനെത്തുരത്തിടാം
യ്ക്കൊപ്പമകറ്റീടാം
കലിയുഗത്തിന്റെ
പുകമാറാലകൾ.
മായട്ടെ, മറയട്ടെ
ജാതിച്ചൊറിച്ചിലുകൾ
മതവെറിക്കുത്തുകൾ
കൊടി നിറഭേദങ്ങൾ
ഇരുൾ പുതച്ചുറക്കം
നടിയ്ക്കും വ്യാഘ്രങ്ങൾ.

നക്ഷത്രദീപ്തമൊരു-
രാവിനെ വരവേല്ക്കാൻ,
സ്നേഹ നൂലിഴകൾ
കോർത്തൊരുക്കീടാം
സഫല സഹോദര്യ
മൃത്യുഞ്ജയത്തിനാൽ
മൂഢ ലോകത്തിൻ്റെ
അതിരുകൾ മായ്ച്ചിടാം
കൊവിഡിനെത്തുരത്തിടാം

# കോവിഡ് 19

അങ്ങ് അകലെയിരുന്നവൻ,
നരചിത്തമൊന്നിൽ വിടർ ന്ന അണു
തലയൊന്നുയർത്തി നോക്കി
പൊങ്ങുന്നു ചുറ്റും അതിരുകൾ -
ഭാഷാ ദേശ വേഷ ഭൂഷ വർഗ വർണ
ജാതി മത ചിന്തതൻ അതിരുകൾ
മതിലുകൾ പോലവ ഉയരുന്നു വീണ്ടും
കുന്നോളമെത്തി നിൽക്കുന്നവ.
വൈകിയാൽ തീർന്നു, ആകാശമാകെ വളർന്നു
മൂലോകവും തകർക്കുമത് തട്ടണം മനുജന്റെ ശിരസ്സിട്ട്
വെള്ളിടി വെട്ടണം അവനുടെ ഹൃദയനീഡത്തിൽ
പൊട്ടിത്തെറിക്കണം, തകർക്കണം ചിലതിനെ
അല്ലായ്കിലീമാനവൻ ഭൂലോകമാകെമുടിച്ചിടും
എവിടെത്തുടങ്ങണം തൻ ദൗത്യമെന്നോർത്തവൻ
ഈ വൻമതിൽ തന്നെ
തകർത്തു തുടങ്ങാം
എന്ന് നിനച്ചവൻ
പിന്നൊട്ടും വൈകിയില്ല പതിയെ
പതിയെ നടന്ന വൻ ഞെട്ടറ്റു വീണു
ജീവിതങ്ങൾ. നടപ്പിൻ
വേഗത കൂടി ഓട്ടമായി
അവനങ്ങുമിങ്ങും
മാതാന്ധത തൻ അതിരു- കൾ മായ്ച്ചു വർണ്ണാന്ധത
തൻ അതിരുകൾ മായ്ച്ചു
ദേശം,ഭാഷ, വേഷംഒന്നും
അവനൊരുവിഘ്നനം
തീർത്തില്ല മലവെള്ളപ്പാച്ചിൽ പോലെ
ദേശാതിർത്തികൾപിന്നിട്ട്
മഹാമാരിയായി അവൻ
പെയ്തു പെയ്തിറങ്ങി
വെല്ലാനില്ലആരുമെന്നു റച്ചു മാനവവംശംകെട്ടി-
യുയർത്തിയ വൻമതിലെല്ലാംഅതിലോഴകിപ്പോയി...
സമ്പന്നതയുടെ അതിരു കൾമാഞ്ഞു,
അധികാര ത്തിൻ അതിരുകൾമാഞ്ഞു
ലഹരിക്കോട്ടകൾ തച്ചുതകർത്തു
സ്വഭവനത്തിൻ ജാലക
വാതിലിൽ സ്നേഹപൂങ്കാ -
വനമുണരുന്നു ഗീർ -
വാണത്തിൻ അതിരുകൾ
തച്ചുതകർത്തു താണ്ഡ-
മാടി കോവിഡ് 19
ലോകംമുഴവൻഒരൊറ്റമന്ത്രം
"ലോകാ സമസ്താ സുഖിനോ ഭവന്തു "
ഒത്തൊരുമിച്ചു ഒന്നായി നിൽക്കാൻ അതിരുകളെ -
ല്ലാം മാഞ്ഞേ തീരു
തന്നുടെ കർമ്മം ഫലവ-
ത്താക്കി തിരികെപ്പോകാൻ
അവനും നിൽപ്പൂ
അതിരുകൾ എല്ലാം ഇല്ലാതായി
വേഗം പോകാൻ മാർഗ്ഗവുമായി
മനുജകുലത്തിനെ ഇല്ലാ
താക്കാൻ കോവിഡ് 19
നീയും പോരാ
കവി വാക്യത്തിൻ സാരമിതല്ലോ
"ഹാ വിജി ഗീഷു മൃത്യു-
വിന്നാമോ ജീവിതത്തിൻ
കൊടിപ്പടം താഴ്ത്താൻ "

കെ ഷീല

അധ്യാപിക

# പ്രളയപാഠങ്ങൾ

പ്രളയം പ്രകൃതിയുടെ
പ്രണയാതിരേകം
നദിയുമാറും കരയെ വിഴുങ്ങി
കടലും കായലും തീരങ്ങളെയമർത്തി

ജലത്തിൽ മരണപാച്ചിൽ
പ്രാകൃത പ്രക്തനാ നൃത്തങ്ങൾ
ആർത്താനാദങ്ങൾ
അർധവിരാമങ്ങൾ
ഒറ്റപെടലുകൾ ഏകാന്തതകൾ
പലായനങ്ങൾ
ഞരക്കങ്ങൾ
അഭയാഹസ്തങ്ങൾ
മൂളലുകൾ നിലവിളികൾ
അഭയാർത്ഥനങ്ങൾ
ഏറ്റടുക്കലുകൾ വീണ്ടെടുക്കൽ
കണ്ടെടുക്കൽ കാരവലയത്തിലാക്കൽ
പ്രളയത്തിന് സാഹോദര്യങ്ങൾ
കൂട്ടായ്മകൾ കൂടി ചേരലുകൾ

അർധോക്തികൾ
വിഷാദങ്ങൾ ഉൾകണ്ടകൾ
കണ്ണീർക്കണങ്ങൾ
പരിദേവനങ്ങൾ
കാരുണ്യവായ്പ്പുകൾ
സഹായഹസ്തങ്ങൾ
നറുപുഞ്ചിരികൾ

പ്രളയം തച്ചുടയ്ക്കുന്നു
അഹംബോധങ്ങളഹന്തകൾ സ്വാർത്ഥതകൾ
ക്രൂരതകൾ
കുടിലതകൾ കുബുദ്ധികൾ
'പ്രളയം ' മനുജകുലത്തിന്
സാഹോദര്യസഹവാർത്തി ത്വം
ചൊല്ലിപ്പഠിപ്പിക്കുമൊരു -
'നവാസോഷ്യലിസ്റ്റ് '
'പ്രളയം' മാനവിയതപുലരാൻ
പടയോട്ടമല്ല, പ്രണയമല്ലോ
എന്നോതിയുറപ്പിച്ച
ലോകഗുരുനാഥൻ!....

പനവിളരാജീവ് - അധ്യാപകൻ

# കുട്ടിയുടെ പ്രാർത്ഥന

എന്നും രാവിലെയെഴുന്നേറ്റാൽ ഞാൻ
കൈകൾ കൂപ്പി പ്രാര്ത്ഥിക്കും
നല്ലതു നാവിലുദിക്കണമേ
നല്ലതു ചെയ്യാൻ തോന്നണമേ
നല്ലതു കാണാൻ കഴിയണമേ
നല്ലതു കേൾക്കാൻ കഴിയണമേ
നല്ല മാര്ഗ്ഗന്നിൽ നാടത്തണമേ
നല്ലവരൊത്ത് നടത്തണമേ
നന്മകൾ മാത്രം ചെയ്യണമേ
എന്നെ എന്നും കാക്കണമേ
നന്മകളെന്നിൽ നിറക്കണമേ

# ഓണപ്പാട്ട്

ഓണം വന്നു ഓണം വന്നു
മാളോര്‍ക്കെല്ലാം സന്തോഷമായി
ഓണം വന്നു ഓണം വന്നു
കുട്ടികള്‍ പൂക്കള്‍ പറിച്ചിടുന്നു
ഓണം വന്നു ഓണം വന്നു
അത്തപ്പൂക്കളം തീര്‍ത്തിടുന്നു
ഓണം വന്നു ഓണം വന്നു
ഓണ സദ്യ ഒരുക്കിടുന്നു
ഓണം വന്നു ഓണം വന്നു
ഊഞ്ഞാലാടി രസിക്കുന്നു
ഓണം വന്നു ഓണം വന്നു
ഓണക്കോടി അണിഞ്ഞിടുന്നു
ഓണം വന്നു ഓണം വന്നു

അദിത്യന്‍.എസ്.എസ്
6 സി

# മിഴികള്‍

പെയ്തിറങ്ങുന്ന മഴത്തുള്ളി പോലെ നീ!
ആര്‍ദ്രമാമെന്‍ ഹൃദയത്തിന്നഴത്തിലൊരു
കുളിര്‍മഴയായി പെയ്തിറങ്ങി;
ഒരു നോക്കുകാണുവാനൊരുവാക്കു-
ചൊല്ലുവാനൊരുപാടു
നാളു ഞാന്‍ കാത്തിരുന്നു സഖി....
ഒരു മാത്ര നിന്‍ചാരെ വന്നു നിന്നെയും
നിന്‍ കണ്ണിണകളില്‍ എന്നെ മറന്നു ഞാന്‍
അറിയില്ലെനിക്കിന്നുമവളുടെ മിഴികളില്‍
ഞാന്‍ ദര്‍ശിച്ചത് പ്രണയമായിരുന്നുവോ?
നിയെന്റെ സ്നേഹത്തെയറിയുന്നുവെ ങ്കിലും
നിന്റെ കണ്‍പീലിതന്‍ തഴുകലേറ്റുലയുവാന്‍
നിന്‍ മിഴികളില്‍ ആനന്ദാശ്രു നിറയുവാന്‍
അനുവദിക്കു മ്മ സഖി.......

മിഥുന്‍
9 ബി

# എന്റെ വിദ്യാലയം

അമ്മ എന്നെഴുതുവാൻ വിദ്യാലയം,
അച്ഛനെന്നോതുവാൻ വിദ്യാലയം,
കൂട്ടുകാർക്കൊത്ത് അറിവുകൾ നേടാനും,
നന്മ പുലർത്താനുമെൻ വിദ്യാലയം.
തുഞ്ചനും കുഞ്ചനും ചെറുശ്ശേരിയും
തുയിലുണർത്തും മലയാളമാണെന്റെ
വിദ്യാലയം എന്റെ വിദ്യാലയം...!

ആര്യ.എ.എസ്, 9 സി

# മിന്നാമിന്നിയും പാഠ്യങ്ങളും

മിന്നുങ്ങും മിന്നിത്തിളങ്ങും
വിടരും പൂക്കളെപ്പോലെ
അന്തിതൻ വെട്ടവുമായി
അകലെ കുന്നിൻ മുകളിൽ
പാറിപ്പാറി വന്നെത്തുമെൻഅമ്പിളിമാമൻ!
മിന്നാമിന്നിക്കൂട്ടങ്ങളെ...!
അരികത്തു വന്നൊന്നു
കൺകുളിർപ്പിച്ചാലേയെൻ
നിദ്രയൊക്കെപ്പോവൂ......
നാളെ നമുക്കെല്ലാം പാഠ്യങ്ങളെ
യൊക്ക. ഔഷധമാക്കിടേണ്ടേ?
ഈ ഔഷധവും പേറി
ആസ്പത്രിയിലേക്കു കൈനടത്തിടേണ്ടേ?
മിന്നിത്തിളങ്ങി നാളെനമുക്കെല്ലാം
നീ തന്നെ വേണമല്ലോ?
നീ തന്നെ പാഠവും, നീ തന്നെ കുട്ട്യോളും,
നീ തന്നെ പാഠ്യങ്ങളും ...!

ആര്യ.എ.എസ്,9C

# ഉറങ്ങൂ നീ

ഉറങ്ങുക നീ ഉറങ്ങൂ നീ
സൂര്യൻ പോകുകയാണോമനേ
ഇടവഴികൾ താണ്ടി, പല വഴികൾ താണ്ടി
സൂര്യൻ പോകുകയാണോമനേ
സൂര്യനെ വണങ്ങി നീ
ഭൂമിയെ വണങ്ങി നീ
ആയിരം ദീപനാളങ്ങളെ വണങ്ങി നീ
ശലഭങ്ങൾ പാറിപ്പറക്കുന്ന നേരത്ത്
പക്ഷികൾ പാടുന്ന നേരത്ത്
നീയിന്നു പാറിപ്പറന്നു നടന്നൊരാ
ശലഭ വർണ്ണക്കനവു നിറയുന്ന നേരത്ത്
ആയിരമായിരം സ്വപ്നങ്ങളുയരുന്ന
മനോഭംഗികൾ ആകുന്ന നേരത്ത്
സ്വപ്നങ്ങൾ ഉയർത്തുവാൻ നീ തേടുന്നേരം
ഞാൻ ഒരു മാലാഖയെപ്പോലെ ഉയരവെ
കല്ലിനും മണ്ണിനും ഉറക്കമായി
പുഴയ്ക്കും കാട്ടരുവിക്കും
പക്ഷിയ്ക്കും മൃഗങ്ങൾക്കും ഉറക്കമായി.
സന്ധ്യാ ദീപം തെളിയിച്ചു നീ
അക്ഷരത്താളുകൾ തുറക്കു
എന്തിനും ഒന്നായിരിക്കേണമേ നീ
അമ്മയ്ക്കു കാണാൻ കൊതിയാണേ
ഏതൊരു തിരി പോലെയും നീ
സത്യത്തിൻ തിരിയാകട്ടെ
നാളത്തെ വെളിച്ചമായി മാറട്ടേ നീ
ഒരു ദീപം പോലെ
സൂര്യൻ മയങ്ങി നീ, നീ ഉറങ്ങുക
നാളത്തെ വെളിച്ചമാകാൻ
കാണാക്കാഴ്ചകൾ കാണുവാൻ
പാറുക, നീ പാറുക
കാണാക്കാഴ്ചകൾ തേടി നാം
ദൂരെയെങ്ങും പോകുവാൻ
അമൃതായ് പടരുന്ന സംഗീതമായ്
തെളിവായ്..........

പാർവ്വതി എസ്സ് എസ്സ്
7 ബി

# സ്കൂളിലെ മരം

എന്റെ സ്കൂളിൻ മുറ്റത്ത്,
ചില്ലവിടർത്തിയ പ്ലാവുണ്ട്.
മണം തരുന്നൊരു പൂമരം,
മഴ പെയ്യിയ്ക്കും വന്മരവും,
കായ് തരുന്നൊരു കനിമരവും,
കരുത്തു നല്കും മാമരനും,
നന്മകൾ വിളയും മണ്ണിന്റെ,
മനസ്സ് നിത്യം സുരഭിലമേ,
പോയ് മറഞ്ഞ കാലങ്ങൾ,
ഓർത്തിരിക്കാൻ എന്തു സുഖം.

അർച്ചന എസ് എം

9 സി

# ആലയം

ദേവൻ വാഴിന്നിടം ദേവാലയം
അറിവിന്റെ കലവറ വിദ്യാലയം
വര്ണ്ണപകിട്ടാർന്ന വസത്രാലയം
കുതിരക്കുപാര്ക്കുവാൻ കുതിരാലയം
വായിച്ചുവളരുവാൻ ഗ്രന്ഥാലയം
നാളയെ വാര്ത്തിടും കലാലയം
തെരുവിന്റ മക്കൾക്കനാഥാലയം
കേൾവിയില്ലാത്തോരുടെ ബധിരാലയം
കാരുണ്യം ചൊരിയുന്ന കാരുണാലയം
വാർദ്ധക്യം പുഴതിന്നും വൃദ്ധാലയം

ആകാശ്

6 ബി

## പുഴ

ഉൾച്ചുഴി കാട്ടാതെ,
അടിയൊഴുക്കൊളിപ്പിച്ച്,
നിറഞ്ഞും, ഒഴിഞ്ഞും
കലങ്ങിത്തെളിഞ്ഞും
കിലുങ്ങിക്കലുങ്ങി
ഒഴുകി... ഒഴുകി... ഒഴുകി
പുഴയും ഞാനും.

കവിത
അധ്യാപിക

## സമയം

ഇത്തിരി നേരമേയുള്ളൂ
നമുക്കിനിയിവിടെ
ഇളവേല്ക്കാൻ.
ഇത്തിരി മാത്രയേയുള്ളൂ
നമുക്കിവിടെ
കൈകോർത്തു നീങ്ങാൻ
വരിക സഖീ,
നീയെൻ കുടക്കീഴിലായ്
അത്രമേൽ അരികത്ത്
ചേർന്നു നിൽക്കൂ.

കവിത
അധ്യാപിക

# പാവം ചങ്ങാതി

വീടിനടുത്തൊരു ചങ്ങാതി
വഴിയൊരു പാവം ചങ്ങാതി
കാലുകൾ വന്ന് ചവിട്ടുന്നു
കാളേം പശുവും പായുന്നു
നെഞ്ചിൻ ചത്രു മുരുണ്ടിട്ടും
നാട്ടാരൊക്കെ നടന്നിട്ടും
മവഴക്കു കൂടാൻ പോവില്ല
വഴിയൊരു പാവം ചങ്ങാതി

അലൻ
4-ബി

# കാലം

വിരഹിണിയായ കാലം
വിദൂരതയെ നോക്കി വിതുമ്പുമ്പോൾ
വിജനതയിലെ പ്രതീക്ഷയായി
മാറുക മാനവരെ.

കെ. ഷീല
മലയാള ഭാഷാധ്യാപിക

# ആത്മ സഖി

ഒരുപാടു പേര് വരും
കൂട് കൂട്ടും
ഇളവെയിലേല്ക്കുമീ ചില്ലയിൽ
പിന്നെ ഒരു നാൾ
അകലേയ്ക്കകലേയ്ക്കകന്നു പോകും
മൽ സഖീ
അന്നുമീ ചില്ലയിൽ
കൊക്കുകൾ ചേര്ത്ത് രണ്ടിണക്കിളികൾ
അത് ഞാനും നീയും മാത്രം സഖീ...

കെ. ഷീല
മലയാള ഭാഷാധ്യാപിക


# മഴ

പ്രണയ പ്രവാഹമായ് എൻ
നോവിന്റെ ആഴങ്ങളിൽ ആശ്വാസമായ്
പെയ്തിറങ്ങുന്നവൾ
കുളിരുള്ള രാഗമായ് അലിയുന്നു.
എൻ നിറമുള്ള സ്വപ്നങ്ങളിൽ
നനവുള്ള കൈയാൽ തഴുകുന്ന
എൻ വിറയാർന്ന തനുവിന്റെ തന്ത്രികളിൽ
ഇവളെന്റെ അഴലിന്റെ ആശ്വാസമായി
അരികത്തണഞ്ഞവൾ -എൻ പ്രിയസഖി..

കെ. ഷീല
മലയാള ഭാഷാധ്യാപിക

# ചിത്രങ്ങൾ



























DR SARVEPALLI RADHAKRISHNAN

















































-SONU
























WAR
is a cowardly escape
from the problems of
PEACE.

























































































74th
HAPPY
INDEPENDENCE
DAY
"A nation's culture resides in the hearts and in the soul of its people"
by
AkSHayL
















































































# സ്കൂൾ കാഴ്ചകൾ















